കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കോഡൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.27/606/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 25/03/2019

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

പ്രസിഡന്റ് / സെക്രട്ടറി
മുഖേന
കോഡൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഡൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,മലപ്പുറം

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എബികെ

കെ.എസ്.എ.എം.പി.എം.27/606/2019

തിയ്യതി: 25/03/2019

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.06.2017 മുതൽ 06.03.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം--

---------------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.അജിത് ആർ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം :07.03.2019 മുതൽ 19.03.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ . ഉണ്ണി പൂതംകുറ്റി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ. മൂസ്സ ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി. സുജാത എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. സി പി ഷാജി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.കെ പ്രേമാനന്ദൻ | 01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. പ്രഭാകരൻ കുറിഞ്ഞിക്കാട്ടിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. അബ്ദുൾ ജലീൽ പി | 01.04.2017 മുതൽ 31.10.2017 വരെ |
| | ശ്രീ. അബ്ദുൾ ഷുക്കൂർ | 01.11.2017 മുതൽ 11.01.2018 വരെ |
| | ശ്രീമതി പ്രീതി ഡി ഡി | 12.01.2018 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.സൂര്യ ടി എസ് | 01.04.2017 മുതൽ 08.10.2017 വരെ |
| | ഡോ. ഷംസുദ്ദീൻ | 09.10.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷംസുദ്ദീൻ പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നവാസ് പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. വന്ദന ബി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി. തിത്തു എ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. നഷീദ കെ | 01.04.2017 മുതൽ 02.10.2017 വരെ |
| | ശ്രീമതി. ബിന്ദു ടി എം | 03.10.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. പ്രകാശൻ പുത്തൻമഠത്തിൽ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ. വിമൽ കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി റുമീന വി | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | രശീതി ബുക്കുകളുടെ ഉപയോഗം - അപാകതകൾ | 2-1 |
| 14 | ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു. | 2-2 |
| 15 | ലൈസൻസ് നൽകിയതിൽ അപാകത . | 2-3 |

| | | |
|---|---|---|
| 16 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു . | 2-4 |
| 17 | കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല | 2-5 |
| 18 | ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സംവിധാനം ഉറപ്പ് വരുത്താതെ ഓഡിറ്റോറിയത്തിന് പെർമിറ്റ് അനുവദിച്ചു. | 2-6 |
| 19 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 2-7 |
| 20 | കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചില്ല. | 2-8 |
| 21 | ഉപയോഗത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല. | 2-9 |
| 22 | ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 2-10 |
| 23 | വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നു. | 2-11 |
| | ഭാഗം III<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 24 | കുടിവെള്ള വിതരണം -ആദായ നികുതി ഈടാക്കിയില്ല | 3-1 |
| 25 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല തുക തടസ്സം ചെയ്യുന്നു | 3-2 |
| 26 | വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമാക്കേണ്ടതാണ്. | 3-3 |
| 27 | വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ- അപാകതകൾ | 3-4 |
| 28 | പദ്ധതി നിർവ്വഹണം- നടപടി ക്രമം പാലിച്ചില്ല | 3-5 |
| 29 | സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് ചെലവു ചെയ്തു | 3-6 |
| 30 | ആശുപത്രി മാനേജ്മെന്റ് കമ്മറ്റി | 3-7 |
| 31 | അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-8 |
| 32 | കുടിവെള്ള പദ്ധതി - GI പൈപ്പിന് അധിക വില നൽകി. | 3-9 |
| 33 | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തി സ്ഥല പരിശോധനയിൽ കണ്ടില്ല. | 3-10 |
| 34 | റൂഫിങ് പ്രവൃത്തി - അധിക നിരക്ക് നൽകി | 3-11 |
| 35 | ഐറിഷ് ഡ്രൈൻ പ്രവൃത്തി - മണ്ണ് കിളച്ചെടുക്കുന്നതിന് അധിക നിരക്കിൽ തുക നൽകി | 3-12 |
| 36 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - പ്രോൽസാഹിപ്പിക്കേണ്ടതാണ്. | 3-13 |

| | | |
|---|---|---|
| 37 | വനിത വികസനവുമായി ബന്ധപ്പെട്ടുള്ള അനിവാര്യമായ പ്രോജക്ടുകൾ തയ്യാറാക്കിയില്ല | 3-14 |
| 38 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് വിതരണം- ഡാറ്റാ രജിസ്റ്റർ തയ്യാറാക്കണം | 3-15 |
| 39 | ബഡ്സ് സ്കൂൾ പ്രവർത്തനം- ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രം തുടങ്ങണം | 3-16 |
| 40 | കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പ് | 3-17 |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 48 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധങ്ങൾ | |
| 51 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്.

2017-18 ലെ ബജറ്റ് 22.03.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 21.06.2017 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട | ലഭിച്ച | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| തീയതി | തീയതി | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 23.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018മുതൽ 28.06.2018 വരെ. | കെ.എസ്.എ.എം.പി.എം.27/991/18 തി.04.07.2018 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 19064449 |
| വരവ് | 68304652 |
| ആകെ | 87369101 |
| ചെലവ് | 78822103 |
| നീക്കിയിരുപ്പ് | 8546998 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16674000 | 16674000 | 16674000 | 0 | 100.00% |
| വികസനഫണ്ട് എസ്.സി.പി. | 0 | 2099717 | 2099717 | 2099717 | 0 | 100.00% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 10996 | 10996 | 0 | 10996 | 00.00% |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 9021000 | 9021000 | 9021000 | 0 | 100.00% |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 0 | 3747000 | 3747000 | 3603093 | 143907 | 96.15% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7830401 | 7830401 | 7830401 | 0 | 100.00% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1439174 | 1439174 | 1437068 | 2106 | 99.85% |
| സാക്ഷരത | 5941 | 64254 | 70195 | 0 | 70195 | 0% |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (അഡ്മിനിസ്ട്രേഷൻ) | 10773 | 744625 | 755398 | 716377 | 39021 | 94.83% |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. (ഇ.എഫ്.എം.എസ്) | 0 | 10714992 | 10714992 | 10714992 | 0 | 100% |
| ബി. ഫണ്ട് | 0 | 43595430 | 43595430 | 43595430 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് ബാങ്ക് | 4297649 | 13400827 | 17698476 | 12096967 | 5601509 | 68.35% |
| തനത് ഫണ്ട് ട്രഷറി | 12982423 | 12530023 | 25512446 | 24675717 | 836729 | 96.72% |
| എസ്.എസ്.എ | 383564 | 14287 | 397851 | 0 | 397851 | 0% |
| പ്രസ്സ് | 2092 | 85 | 2177 | 0 | 2177 | 0% |
| കമ്പ്യൂട്ടർ സെന്റർ | 339825 | 682206 | 1022031 | 535617 | 486414 | 52.41% |
| എസ്.ബി.ടി -സാന്റ് | 120445 | 4486 | 124931 | 0 | 124931 | 0% |
| ബിൽ സിസ്റ്റം | 79139 | 4423 | 83562 | 0 | 83562 | 0% |
| ബഡ്സ് സ്കൂൾ | 6645 | 819908 | 826553 | 374577 | 451976 | 45.32% |
| കോഡൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് | 377724 | 15260 | 392984 | 0 | 392984 | 0% |
| എസ്.ബി.ടി. ഓൺലൈൻ | 9931 | 48718 | 58649 | 0 | 58649 | 0% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 196 | 66433833 | 160 | 51075330 | 5 | 31 | 81.63 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10773 | 744625 | 755398 | 716377 | 39021 |
| ഗുണഭോക്താക്കൾക്ക് നേരിട്ടു നൽകുന്നത്, | 0 | 10714992 | 10714992 | 10714992 | 0 |
| ആകെ | 10773 | 11459617 | 11470390 | 11431369 | 39021 |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 19680 | 34 |
| കർഷകതൊഴിലാളിപെൻഷൻ | 2169100 | 183 |
| വിധവാപെൻഷൻ | 12742900 | 1064 |
| വാർദ്ധക്യകാലപെൻഷൻ | 23400600 | 1812 |
| വികലാംഗപെൻഷൻ | 4480900 | 372 |

| | | |
|---|---|---|
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 229500 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 510000 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ക്യാഷ് അതാതു ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ നീക്കിബാക്കി ഇല്ല.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിൽ കണ്ടെത്തിയ പൊതുവായ പോരായ്മകൾ താഴെ പറയുന്നു.

1. ഗ്രാമപഞ്ചായത്തിലെ എല്ലാവിധ പണം പിരിവുകൾക്കും രശീതികൾ ഉപയോഗിക്കുന്നില്ല. ഗുണഭോക്തൃവിഹിതം , കമ്പ്യൂട്ടർ സെന്ററിലെ വരവുകൾ എന്നിവ പിരിച്ചെടുക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് സെക്രട്ടറി രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടില്ല.
2. അനുബന്ധ സ്ഥാപനമായി പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ സെന്ററിന്റെ പ്രവർത്തനത്തിന് ഒരു മാർഗ്ഗരേഖയായി നിയമാവലി തയ്യാറാക്കേണ്ടതും ആയതിന് അനുമതി ലഭ്യമാക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2019 | 01.01.2019 മുതൽ 31.01.2019 വരെ | 26.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.08.2017 | 2012-13 മുതൽ 2016-17 വരെ | 23.10.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

1)2016-17 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകളിലെ ക്രമ നം (2) പരിഹരിച്ചിട്ടില്ല.

2)വസ്തു നികുതി ഇനത്തിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ വാർഷിക കണക്കുകൾ ,ഡിമാന്റ് രജിസ്ററർ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| | | വാർഷിക കണക്കുകൾ പ്രകാരം | ഡിമാന്റ് രജിസ്ററർ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | തൻവർഷം | 3777661 | 4243760 | 466099 |
| | കുടിശ്ശിക | 1839674 | 1228559 | 611115 |
| കളക്ഷൻ | തൻവർഷം | 3752266 | 4217094 | 464828 |
| | കുടിശ്ശിക | 1115650 | 1179043 | 63393 |
| ബാലൻസ് | തൻവർഷം | 26666 | 26646 | 20 |

3)RP 7 ലെ താഴെപ്പറയുന്ന വരവിനങ്ങൾACR വരവ് ACR, വാർഷിക കണക്കുകൾ എന്നിവയിൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു

| ഫണ്ട് | വാർഷിക കണക്കുകൾ പ്രകാരം(RP 7 ) | ACR പ്രകാരം | വ്യത്യാസം |
|---|---|---|---|

| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) | 3603093 | 3678093 | 75000 |
| ജനറൽ പർപസ് ഗ്രാൻറ് | 11774000 | 11861930 | 87930 |

4)പ്രവർത്തനരഹിതങ്ങളായ താഴെ പറയുന്ന അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയിൽ മണൽ , പ്രസ്സ് എന്നിവയ്ക്കായിട്ടുള്ള അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുക തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.എസ്.എസ്.എ. യിലെ നീക്കിയിരിപ്പ് തുകയ്ക്ക് യുക്തമായ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

| അക്കൗണ്ട് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് | |
|---|---|---|---|
| | | തീയതി | തുക |
| മണൽ | SBT 67250338423 | 25.12.17 | 124931 |
| എസ്.എസ്.എ. | SBT 67010148347 | 25.3.18 | 397851 |
| പ്രസ്സ് | എസ്. എം. ജി. ബി 40165100108548 | 1.2.18 | 2177 |

5) മെഡിക്കൽ ഓഫീസർ( പി.എച്.സി) ഡിപ്പാർട്ട്മെൻറ് ഫണ്ട് , പഞ്ചായത്തു ഫണ്ട് എന്നിവയ്ക്ക് 2 ക്യാഷ് ബുക്കുകൾ പ്രത്യേകം സൂക്ഷിച്ചിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല. മെഡിക്കൽ ഓഫീസർമാർ ഹോമിയോ, ആയുർവേദം എന്നിവർ TR 7A ക്യാഷ് ബുക്കുകൾ സൂക്ഷിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർമാർ( പി.എച്.സി ഹോമിയോ, ആയുർവേദം) ,അസി.എഞ്ചിനിയർ, കൃഷി ഓഫീസർ ഹെഡ്മാസ്റ്റർ ,ഐ സി ഡി എസ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ എന്നീ നിർവഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6) പഞ്ചായത്ത് മുൻ സാമ്പത്തിക വർഷം നൽകിയിട്ടുള്ളതും നാളിതുവരെ പണമാക്കാത്തതുമായ 8372 രൂപയുടെ ചെക്കുകൾ Liability in respect of stale check എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

7)B- 18പ്രകാരം 732604 രൂപ മുൻകൂറായി കാണിച്ചിട്ടുണ്ടെങ്കിലും, വാർഷികകണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8)ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം Beneficiary Contribution ഇനത്തിൽ 268273- രൂപ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവഴിച്ച ഗുണഭോക്തൃവിഹിതം ബാലൻസ് ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കേണ്ടതാണ്.

9) അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിനു മുമ്പുള്ള എല്ലാ ആസ്തി ബാധ്യതകളുകളുടേയും മൂല്യം തിട്ടപ്പെടുത്തി, ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.തൻവർഷം ആർജിച്ച ആസ്തികളുകളുടെ മൂല്യം ഉൾപ്പെടുത്തി വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10)അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രശീതി ബുക്കുകളുടെ ഉപയോഗം - അപാകതകൾ

രശീതി ബുക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1). രശീതി ബുക്കുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

രശീതി ബുക്കുകൾ ഔട്ട് ഡോർ കളക്ഷൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് മുമ്പ് പരിശോധിച്ച് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ 14.06.2017 മുതൽ ഓഡിറ്റ് തിയതി വരെ ഉപയോഗിച്ച ഭൂരിഭാഗം രശീതി ബുക്കുകളിലും ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ ഉൾപ്പെടുത്താത്ത 18381, 18386 എന്നീ ബുക്കുകൾ പരിശോധിച്ചപ്പോൾ ഈ ബുക്കുകളിൽ 1 എന്ന നമ്പർ രേഖപ്പെടുത്തിയ രണ്ട് രശീതികൾ ഉള്ളതായും ആയത് ഉപയോഗിച്ചതായും കാണുന്നു. കളക്ഷൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് മുമ്പ് പരിശോധിച്ച് ബുക്കുകളിലെ രശീതികൾ എണ്ണിതിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ മറ്റ് രശീതി ബുക്കുകളിൽ ഇത്തരത്തിൽ അധിക രശീതികൾ ഉണ്ടായിരുന്നോ എന്ന് ഉറപ്പുവരുത്താനാവുന്നില്ല.

2). ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്തിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ഔട്ട് ഡോർ ഉദ്യോഗസ്ഥർ കൈപ്പറ്റിയ രശീതി ബുക്കുകളിലെ ഉപയോഗിക്കാതെ അവശേഷിച്ച രശീതികൾ (13926 നമ്പർ ബുക്കിൽ- 26 മുതൽ 100 വരെയുള്ളവ, 13928 നമ്പർ ബുക്കിൽ- 30 മുതൽ 100 വരെയുള്ളവ) ക്യാൻസൽ ചെയ്തിട്ടില്ല. അവശേഷിക്കുന്ന രശീതികൾ ക്യാൻസൽ ചെയ്യാതിരിക്കുന്നത് രശീതികളുടെ ദുരുപയോഗത്തിന് സാഹചര്യം സൃഷ്ടിക്കുന്നതാണ്.

3).ക്യാൻസൽ ചെയ്ത രശീതികളിൽ കാരണം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

താഴെ പറയുന്ന രശീതികൾ ക്യാൻസൽ ചെയ്ത് ഡ്യൂപ്ളിക്കേറ്റ് സഹിതം സൂക്ഷിച്ചിട്ടുണ്ടെങ്കിലും ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13927/38, 13927/52, .18398/35,36,54, 42367/64, 42372/15

4). ഔട്ട് ഡോർ കളക്ഷൻ തുക അതാത് ദിവസം ഓഫീസിൽ അടവാക്കിയിട്ടില്ല.

ഔട്ട്ഡോർ കളക്ഷൻ ഉദ്യോഗസ്ഥർ പിരിവ് തുക അതാത് ദിവസം തന്നെ ഓഫീസിൽ അടവാക്കണമെന്നിരിക്കെ ഭൂരിപക്ഷം ദിവസങ്ങളിലും അടുത്തദിവസമാണ് അടവാക്കിയിട്ടുള്ളത്. ചില ദിവസങ്ങളിലെ കളക്ഷൻ തുക ഒരു ദിവസത്തിൽ കൂടുതൽ കൈവശം സൂക്ഷിച്ചിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രശീതി/ തിയ്യതി | തുക | അടവാക്കിയ തിയ്യതി |
|---|---|---|
| 43804/85 തിയതി.02.02.2019 | 42/- | 11.02.2019 |
| 43810/1-39<br>തിയതി.13.02.2019 | 8095/- | 15.02.2019 |
| 43821/53<br>തിയതി.08.03.2019 | 135/- | 15.03.2019 വരേയും അടവാക്കിയിട്ടില്ല. |

മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം ഔട്ട്ഡോർ കളക്ഷൻ ഉദ്യോഗസ്ഥർക്ക് നൽകിയതായി കാണുന്നില്ല.

മുകളിൽ പരാമർശിച്ച അപാകതകൾക്ക് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (06/15.03.2019) മറുപടിയിൽ 43821/53 തിയതി.08.03.2019 പ്രകാരമുള്ള 135 രൂപ 118050104456/16.03.2019 രശീതി പ്രകാരം അടവാക്കിയതായും മേലിൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണെന്നും അറിയിച്ചു.

നിർവഹണ ഉദ്യോഗസ്ഥർക്ക് രശീതി ബുക്കുകൾ ഇഷ്യൂ ചെയ്യുന്നില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ് 2011 , 20- 2 പ്രകാരം പണം പിരിവ് നടത്തുന്നതിനായി അക്കൗണ്ട് മാന്വലിൽ സൂചിപ്പിച്ച മാതൃകയിലുള്ള രശീതി ബുക്കുകൾ പ്രിന്റ് ചെയ്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യേണ്ടതാണ്. രശീതി ബുക്കുകൾ കളക്ഷൻ ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിന് മുമ്പ് പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വെറ്ററിനറി സർജന് 15.09.2018 ന് 13933 നമ്പർ ബുക്ക് മാത്രം ഇഷ്യൂ ചെയ്തതായി കാണുന്നു. മറ്റ് നിർവഹണ

ഉദ്യോഗസ്ഥർക്ക് രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടില്ല. വിവിധ നിർവഹണ ഉദ്യോഗസ്ഥർ 2017-18 വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതികൾക്കായി ഗുണഭോക്തൃ വിഹിതം പിരിച്ച് ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്തൃ വിഹിതം നിരക്ക് | ആകെ പിരിച്ചെടുത്ത തുക |
|---|---|---|---|---|
| കൃഷി ഓഫീസർ | പച്ചക്കറി കൃഷി ടെറസിലും മുറ്റത്തും 65/18 | 370 | 500/- | 1,85,000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ബയോബിൻ വിതരണം 102/18 | 727 | 216/- | 1,57,080 |
| വെറ്ററിനറി സർജൻ | പെണ്ണാടുകളെ വിതരണം ചെയ്യൽ 167/18 | 33 | 10000/- | 3,30,000 |

സെക്രട്ടറി രശീതി ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടില്ലാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥർ ഏത് രശീതി ബുക്കാണ് ഉപയോഗിച്ചതെന്ന് വ്യക്തമല്ല. കൂടാതെ കളക്ഷനായി ഉപയോഗിച്ച രശീതി ബുക്കുകൾ , കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പിരിച്ചെടുത്ത മുഴുവൻ തുകയും യഥാസമയം അടവാക്കിയിട്ടുണ്ടോയെന്ന കാര്യവും പരിശോധിച്ചുറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച പദ്ധതികളുടെ ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാനായി ഉപയോഗിച്ച രശീതി ബുക്കുകൾ , ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

വെറ്ററിനറി സർജൻ പിരിച്ചെടുത്ത തുക യഥാസമയം അടവാക്കിയിട്ടില്ല.

വെറ്ററിനറി സർജൻ ഉപയോഗിച്ച 13933 രശീതി ബുക്ക് പ്രകാരം പിരിച്ചെടുത്ത തുക , അടവ് വിവരം എന്നിവ പരിശോധിച്ചതിൽ തുക യഥാസമയം അടവാക്കിയില്ലെന്ന് കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| രശീതി/ തിയ്യതി | തുക | അടവാക്കിയ തിയ്യതി |
|---|---|---|
| 13933/79തിയതി.28.11.2018 | 5000/- | |
| 13933/80തിയതി.03.12.2018 | 5000/- | |
| .13933/81-83തിയതി.04.12.2018. | 15000/- | |
| 13933/95-97തിയതി.07.01.2019 | 15000/- | 118050101599/07.01.2019<br>40000/- |
| 13933/84-86തിയതി.20.12.2018 | 13700/- | |
| 13933/87തിയതി.25.12.2018 | 4350/- | |
| 13933/88തിയതി.03.01.2019 | 4350/- | |
| 13933/89-91തിയതി.05.01.2019 | 13050/- | |
| 13933/92തിയതി.06.01.2019 | 4350/- | |
| 13933/92തിയതി.06.01.2019 | 4350/- | |
| 13933/93-94തിയതി.07.01.2019 | 8700/- | |
| 13933/98തിയതി.08.01.2019 | 4350/- | |
| 13933/99തിയതി.09.01.2019 | 4350/- | |
| 13933/99തിയതി.10.01.2019 | 4350/- | 118050101756/15.01.2019 |

| | | |
|---|---|---|
| | | 61550/- |

തുക യഥാസമയം അടവാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥർക്ക് രശീതി ബുക്കുകൾ ഇഷ്യൂ ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട 24 /18.03.2019 നൽകിയ എൻക്വയറിക്ക് വരുന്ന വർഷങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥർക്ക് രശീതി ബുക്കുകൾ ഇഷ്യൂ ചെയ്യുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി .

## 2-2 ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി അടവാക്കാതെയും റേഷൻകടകൾ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഡി&ഒ, രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ ലൈസൻസ് (തൊഴിൽ നികുതി ഉൾപ്പെടെ) സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിക്കാണുന്നില്ല. മാത്രമല്ല തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കിയതായും കാണുന്നില്ല. മേൽ സാഹചര്യത്തിൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം.05 /15.03.2019) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ 10 റേഷൻകടകൾ പ്രവർക്കുന്നുണ്ടെന്ന് മറുപടി നൽകി. മുൻവർഷ റിപ്പോർട്ടുകളിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 10 റേഷൻ കടകൾക്ക് ഫീസ് അടവാക്കി ലൈസൻസ് എടുക്കുന്നതിനും തൊഴിൽനികുതി അടവാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടും സ്ഥാപനങ്ങളിൽ നിന്നും അനുകൂല നടപടികൾ ഉണ്ടാവാത്ത സഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന് കത്ത് നൽകിയതായും സിവിൽ സപ്ലൈസ് വകുപ്പ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് , തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിനായി ടിയാളുകൾക്ക് 28.02.2019 ന് നോട്ടീസ് നൽകിയിട്ടുള്ളതായും അറിയിച്ചു.ലൈസൻസ് നൽകി ഫീസും തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 ലൈസൻസ് നൽകിയതിൽ അപാകത .

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ , അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിൽ അപാകതയുള്ളതായി കാണുന്നു.

1).സോഡ -നിർമ്മാണം ,സംഭരണം ,വിതരണം ലൈസൻസ് നൽകിയതിൽ അപാകത

2017-18 വർഷത്തിൽ സോഡ-നിർമ്മാണം, സംഭരണം, വിതരണം എന്നിവക്കായി 3 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | അപേക്ഷകൻ /സ്ഥാപനം | കെട്ടിട നമ്പർ | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | മുഹമ്മദ് റാഫി, പെരുവൻകുഴിയിൽ, റിയ സോഡ | VI/116 | 47/17-18 |
| 2 | ശിഹാബ്, S/O അബ്ദുള്ളക്കുട്ടി ഹാജി, പാറക്കോടൻ ഹൗസ്<br>റിസ്റ്റോള സോഡ | V/60 | 78/17-18 |
| 3 | മുഹമ്മദ്.സി.എസ്,ചെള്ളിസൂപ്പൻ ഹൗസ് ചോലക്കൽ<br>മൈസ് സോഡ വർക്സ് | IV/493 | 285/17-18 |

മേൽ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

ക്രമ നമ്പർ 1,3 എന്നീ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന ജലം പരിശോധിച്ച് ഗുണമേന്മ പരിശോധനാ റിപ്പോർട്ട് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപനത്തിൽ ശുദ്ധ ജലമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തിയതായി കാണുന്നില്ല. ക്രമ നമ്പർ 2 അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള വാട്ടർ അതോറിറ്റി, ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്ട് ലബോറട്ടറി മലപ്പുറം നൽകിയ ജല ഗുണമേൻമ പരിശോധനാ റിപ്പോർട്ടിൽ ഈ സ്ഥാപനത്തിൽ ഉപയോഗിക്കുന്ന വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുള്ളതിനാൽ വെള്ളം മലിനമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| Name | Test Details | Characteristics | Desirable limits | Actual content | Notes On Analysis |
|---|---|---|---|---|---|
| Sihab Parakkodan, Restola Soda | Sample source- Open Well<br>Collection Date- 27.09.2016<br>Testing Date- 27.09.2016 | Bacterial Analysis-Total coliforms( number/100ml) | Zero | 1100+ | Polluted due to coliform Bacteria |
| | | pH | 6.5-8.5 | 5.61 | Low pH , Acidic |

ഗുണമേന്മ പരിശോധനാ റിപ്പോർട്ട് പരിഗണിക്കാതെ ലൈസൻസ് അനുവദിച്ചത് നിയമപരമായ നടപടിയല്ല. സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്ഥാപനം സ്വീകരിച്ചിട്ടുണ്ടോ, തുടർന്ന് സാമ്പിൾ പരിശോധന നടത്തി ആവശ്യമായ ഗുണമേൻമയുണ്ടോ എന്നിവ ഉറപ്പുവരുത്താതെ ലൈസൻസ് അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 01 /13.03.2019 ഓഡിറ്റ് എൻക്വയറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ ശേഖരിക്കുന്ന ജല സാമ്പിൾ പരിശോധന നടത്തി ജലം സോഡ നിർമ്മാണത്തിന് ഉപയോഗ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം, സാനിറ്ററി സർട്ടിഫിക്കറ്റ് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ലൈസൻസ് നൽകുകയുമാണ് ചെയ്യാറുള്ളത്. എന്നാൽ ക്രമ നമ്പർ 1 ജലപരിശോധനാ റിപ്പോർട്ട് ഹാജരാക്കാത്തതിനാലും ക്രമ നമ്പർ 2 ലെ സ്ഥാപനം ഹാജരാക്കിയ റിപ്പോർട്ടിലെ അപാകതകൾ കാരണവും ക്രമ നമ്പർ 1,2 എന്നീ സ്ഥാപനങ്ങൾ ഫീസ് അടവാക്കിയെങ്കിലും ലൈസൻസ് ഇഷ്യൂ ചെയ്തിട്ടില്ല. ക്രമ നമ്പർ 3 സ്ഥാപനത്തിന്റെ ജല പരിശോധനാ റിപ്പോർട്ട് ഹാജരാക്കി.

ക്രമ നമ്പർ 3 ഹാജരാക്കിയ റിപ്പോർട്ട് അനുസരിച്ച് ലൈസൻസ് നൽകിയതിൽ അപാകതയില്ല. ക്രമ നമ്പർ 1,2 എന്നിവക്ക് ലൈസൻസ് ഇഷ്യൂ ചെയ്തിട്ടില്ലെങ്കിലും ഇവ 2017-18 ലും തുടർന്നും പ്രവർത്തിക്കുന്നുണ്ട്. ആയത് തുടർ വർഷങ്ങളിലെ രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. 29.03.2017 ന് ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് തുടർന്നും സ്ഥാപനം നടത്തുന്നുണ്ടെന്നും ലൈസൻസ് ഫീസ് അടവാക്കിയതിനാൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണെന്നും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ലൈസൻസ് ഫീസ് അടവാക്കിയാൽ ലൈസൻസ് ലഭിച്ചു എന്ന ധാരണയിലാണ് അപേക്ഷകർ സ്ഥാപനം നടത്തുന്നത്. ആയതിനാൽ ലൈസൻസ് ഇഷ്യൂ ചെയ്തിട്ടില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ലൈസൻസ് കൂടാതെ പ്രവർത്തിച്ച സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2). 2017-18 വർഷത്തിൽ ഭക്ഷണം പാകം ചെയ്ത് വിൽപ്പന നടത്തുന്നതിനായി മദീന ഹോട്ടൽ എന്ന പേരിൽ സ്ഥാപനം നടത്തുന്നതിനായി മുഹമ്മദ് കുട്ടി ,വലിയാക്കത്തൊടി,ചട്ടിപ്പറമ്പ് എന്നിവർക്ക് ലൈസൻസ്(A4-3248/17 തി.23.08.2017)നൽകിയിട്ടുണ്ട്. .

മേൽ സ്ഥാപന ഉടമ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ കേരള വാട്ടർ അതോറിറ്റി, ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്ട് ലബോറട്ടറി മലപ്പുറം നൽകിയ ജല ഗുണമേൻമ പരിശോധനാ

റിപ്പോർട്ടിൽ ഈ സ്ഥാപനത്തിൽ ഉപയോഗിക്കുന്ന വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുള്ളതിനാൽ വെള്ളം മലിനമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th>Name</th><th>Test Details</th><th>Characteristics</th><th>Desirable limits</th><th>Actual content</th><th>Notes On Analysis</th></tr>
<tr><td rowspan="2">Mr.Muhammed kutty. Madeena Hotel</td><td rowspan="2">Sample source- Open Well<br>Collection Date- 17.07.2017.<br>Testing Date- 17.07.2017.</td><td>Bacterial Analysis-Total coliforms( number/100ml)</td><td>Zero</td><td>1100+</td><td>Polluted due to coliform Bacteria</td></tr>
<tr><td colspan="4">Remarks:- Polluted due to coliform Bacteria, proper disinfection should be done.</td></tr>
</table>

ഗുണമേന്മ പരിശോധനാ റിപ്പോർട്ട് പരിഗണിക്കാതെ ലൈസൻസ് അനുവദിച്ചത് നിയമാനുസൃതമല്ല. സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്ഥാപനം സ്വീകരിച്ചിട്ടുണ്ടോ, തുടർന്ന് സാമ്പിൾ പരിശോധന നടത്തി ആവശ്യമായ ഗുണമേൻമയുണ്ടോ എന്നിവ ഉറപ്പുവരുത്താതെ ലൈസൻസ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/16.03.2019) പരിശോധനാ റിപ്പോർട്ടിൽ അപാകതയുള്ളതിനാൽ ലൈസൻസ് നൽകിയിട്ടില്ലെന്നും ടിയാൻ അഡ്വാൻസായി ലൈസൻസ് ഫീസ് അടവാക്കിയതിനാലാണ് രജിസ്റ്ററിൽ ഉൾപ്പെട്ടതെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.

ഇത്തരത്തിൽ വിവിധ അപാകതകളാൽ ലൈസൻസ് ഫീസ് അടവാക്കിയെങ്കിലും ലൈസൻസ് നൽകാൻ സാധ്യമല്ലാത്ത / ഇഷ്യൂ ചെയ്യാത്തവ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-4** പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു .

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ , ഫോറം 1ൽ സ്ഥാപനം ആരംഭിക്കുന്നതിന് 15 ദിവസത്തിൽ കുറയാത്ത കാലയളവിനുമുമ്പായി 200 രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ചട്ടം 5 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ 50 രൂപ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്. 2017-18 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ താഴെപ്പറയുന്ന 5 പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ശിബിലി ഹോമിയോപ്പതിക് സെന്റർ | 2016-17ലും സ്ഥാപനം പ്രവർത്തിച്ചിട്ടുണ്ട്. |
| 2 | +Ve ഹോമിയോ ക്ലിനിക് | പുതിയ സ്ഥാപനം |
| 3 | ഓറിസ് പോളി ക്ലിനിക് & ലബോറട്ടറി | 2016-17ലും സ്ഥാപനം പ്രവർത്തിച്ചിട്ടുണ്ട്. |
| 4 | റോയൽ ഡെന്റൽ കെയർ | പുതിയ സ്ഥാപനം |

| | | |
|---|---|---|
| 5 | ഷിഫ ഹോമിയോ ക്ലിനിക് | പുതിയ സ്ഥാപനം |

ഇതനുസരിച്ച് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഇനത്തിൽ 700/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചത് 100/- രൂപയാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും യഥാസമയം ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

പാരാമെഡിക്കൽ രജിസ്ട്രേഷൻ കൂടാതെ ലൈസൻസ് അനുവദിച്ചതിനും ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം നൽകേണ്ടതാണ് (ഓഡിറ്റ് എൻക്വയറി .12 /16.03.2019) . എൻക്വയറി നൽകിയതിനുശേഷം മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽനിന്നും രജിസ്ട്രേഷൻ /രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഈടാക്കിയതായി അറിയിച്ചു. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ പാരാമെഡിക്കൽ സ്ഥാപനങ്ങളും യഥാസമയം ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയോ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അല്ലാത്ത സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. .

## 2-5 കരാറുകാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയില്ല

2017-18 വർഷത്തിൽ 14 കരാറുകാർ ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. തൊഴിൽനികുതി റിട്ടേണുകൾ പരിശോധിച്ചതിൽ ജംഷീർ.ഒ.കെ, ഷംസുദ്ദീൻ.കെ, മുസ്തഫ എന്നീ 3 പേർ മാത്രമാണ് രണ്ടാം അർദ്ധവർഷത്തെ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിച്ച് തൊഴിൽനികുതി അടവാക്കിയിട്ടുള്ളത്. ഇവരിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ അർദ്ധവാർഷിക റിട്ടേണുകളും മുഴുവൻ കരാറുകാരിൽ നിന്നും രണ്ടു അർദ്ധവർഷങ്ങളിലെയും അർദ്ധവാർഷിക റിട്ടേണുകളും സ്വീകരിച്ച് നികുതി ഈടാക്കി വിവരം അറിയിക്കുവാനും 2016-17 വർഷ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ പദ്ധതികൾ ഏറ്റെടുത്തു നടത്തുകയും തൊഴിൽനികുതി അടവാക്കാത്തവരുമായ കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 07 /15.03.2019 ഓഡിറ്റ് എൻക്വയറി നൽകി. ഇതിനെത്തുടർന്ന് 2017-18 വർഷത്തിൽ കരാർ ഏറ്റെടുത്ത സെയ്ഫുള്ള (118050104458/16.03.2019- 1250/-), അബ്ദുൾ ലത്തീഫ് (118050104500/18.03.2019 -1250/-) എന്നിവർ തൊഴിൽനികുതി അടവാക്കി. കൂടാതെ 2016-17 , 2017-18 വർഷങ്ങളിൽ കരാർ ഏറ്റെടുത്തതും നാളിതുവരെ തൊഴിൽനികുതി അടവാക്കാത്തവരുമായ എല്ലാ കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഖര-ദ്രവ മാലിന്യ സംസ്കരണ പ്ലാന്റ് സംവിധാനം ഉറപ്പ് വരുത്താതെ ഓഡിറ്റോറിയത്തിന് പെർമിറ്റ് അനുവദിച്ചു.

2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ 31.10.2017 ലെ 675/2017 നമ്പർ ഭേദഗതി ഉത്തരവ് പ്രകാരം നിലവിൽ വന്ന ചട്ടം 57- 12 പ്രകാരം എല്ലാ സമ്മേളന കെട്ടിടങ്ങൾക്കും ഖര, ദ്രവമാലിന്യ ശേഖരണത്തിനും ആരോഗ്യ രക്ഷകമായ അവയുടെ കയ്യൊഴിയലിനും വേണ്ടിയുള്ള ഉചിതവും പര്യാപ്തവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. . കൂടാതെ ചട്ടം 12 എ, 12ബി എന്നിവ പ്രകാരമുള്ള ദ്രവമാലിന്യ സംസ്കരണ പ്ലാന്റ്, കെട്ടിടത്തിലെ ജലോപയോഗം മൂലം ഉണ്ടാകുന്ന മലിന ജലത്തിന്റെ പുന:ചംക്രമണവും പുനരുപയോഗവും സാധ്യമാക്കുന്നതിനായി പ്രത്യേക സജ്ജീകരണങ്ങൾ എന്നിവ സ്ഥാപിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ശ്രീ.മൊയ്തീൻകുട്ടി, റുഖിയ, നൗഷാദ് പാറമ്മൽ ഹൗസ്, ചെറുകുളമ്പ വെസ്റ്റ്, വറ്റല്ലൂർ.പി.ഒ എന്നവരുടെ 492.00 ച.മീ വിസ്തൃതിയിലുള്ള ഓഡിറ്റോറിയത്തിന് ഇപ്രകാരമുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്താതെയുള്ള പ്ലാൻ പ്രകാരമാണ് പെർമിറ്റ് (പെർമിറ്റ് നമ്പർ. A2-2530/17 തിയ്യതി. 18.12.2017) അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 11/16.03.2019 ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചട്ടപ്രകാരമുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് വാക്കാൽ നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും കംപ്ലീഷൻ പ്ലാൻ ഹാജരാക്കുന്ന സമയത്ത് പ്ലാനിൽ നിർബന്ധമായും ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നതാണെന്നും മറുപടി നൽകി. കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനു മുൻപായി ചട്ടപ്രകാരമുള്ള സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് പരിശോധിച്ചുറപ്പുവരുത്തേണ്ടതാണ്.

## 2-7 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

ഗ്രാമപഞ്ചായത്തിലെ VII/ 524 നമ്പർ കെട്ടിടത്തിൽ റഫീഖ് വുഡ് വർക്സ് (27HP മോട്ടോർ ഉപയോഗിച്ച്)എന്ന സ്ഥാപനം നടത്തുന്നതിനാണ് 2017-18 വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ശ്രീ.ഹസൻഹാജി, ചക്കിങ്ങാത്തൊടി എന്നവരുടെ ഉടമസ്ഥതയിലുള്ള 168 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വ്യവസായാവശ്യത്തിനുള്ള ഈ കെട്ടിടത്തിന് കൈത്തറിഷെഡ് / കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗത്തിലുൾപ്പെടുത്തിയാണ് നികുതി ചുമത്തിയിട്ടുള്ളത്. വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി. കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 10 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 6932/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉപയോഗം | ഇതര വ്യവസായം |
|---|---|
| തറവിസ്തീർണ്ണം | 168ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി(168 X 40) | 6720രൂപ |
| (-) ഇളവ് – 20 % (മേൽക്കൂര 10 % +മേഖല 10 % ) | 1344 രൂപ |
| (+) വർദ്ധനവ് - 20 % (വഴി സൌകര്യം -20% .) | 1344രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 6720രൂപ |
| ഈടാക്കിയ വസ്തുനികുതി | 118രൂപ. |
| ഈടാക്കിയതിൽ കുറവ് | 6602രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (6720 * 5%) | 336 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 6രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 330 രൂപ. |
| ആകെ നഷ്ടം (6602+330) | 6932രൂപ. |

അപാകത സൂചിപ്പിച്ച് നല്കിയ 10/16.03.2019 എൻക്വയറിക്ക് ഡിമാന്റ് ക്രമീകരിച്ച് , കുറവുവന്ന തുക അടവാക്കാൻ ആവശ്യപ്പെട്ട് ശ്രീ. ശ്രീ.ഹസൻഹാജി, ചക്കിങ്ങാത്തൊടി എന്നവർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിയ്ക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

## 2-8 കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചില്ല.

വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരുമാറ്റവും മുപ്പതുദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ ഉപയോഗം/ ഉപയോഗ സ്വഭാവം മാറുന്നതിനനുസരിച്ച് ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 2/493C നമ്പർ കെട്ടിടത്തിൽ അഹമ്മദ് കുട്ടി ചോലശ്ശീരി ഹൗസ് എന്നിവർക്ക് തേങ്ങ കച്ചവടം നടത്തുന്നതിനായി ലൈസൻസ് നൽകിയിട്ടുണ്ട്. . ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ

പരിശോധിച്ചതിൽ കെട്ടിടത്തിന് പാർപ്പിടാവശ്യം എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി ച.മീറ്ററിന് 3 രൂപ എന്ന നിരക്കിലാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത് . വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള ഷോപ്പ്/ ഗോഡൌൺ എന്നിവക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീറ്ററിന് 30 രൂപയാണ്. പാർപ്പിടാവശ്യത്തിനായുള്ള ഈ കെട്ടിടത്തിൽ മേൽ സൂചിപ്പിച്ച സ്ഥാപനം തുടങ്ങുന്നതിന് മുമ്പ് ഒക്യുപ്പൻസി മാറ്റുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇക്കാര്യങ്ങളൊന്നും ശ്രദ്ധിക്കാതെയാണ് ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് പാർപ്പിടാവശ്യത്തിനുള്ള നിരക്കിൽ നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 2753/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗം | വാണിജ്യം |
| തറവിസ്തീർണ്ണം | 81.42ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 30/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി( 81.42 X 30) | 2443രൂപ |
| (-) ഇളവ് 10% (മേഖല) | 244 |
| (+) വർദ്ധനവ് 20% (വഴി സൗകര്യം) | 489 |
| ഈടാക്കേണ്ട വസ്തുനികുതി | 2688രൂപ |
| ഈടാക്കിയ വസ്തുനികുതി | 65രൂപ. |
| ഈടാക്കിയതിൽ കുറവ് | 2623രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (2688 * 5%) | 134 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 4 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 130 രൂപ. |
| ആകെ നഷ്ടം (2623+130 ) | 2753 രൂപ. |

അപാകതക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 21 /18.03.2019 ന് 2/493C നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിനുള്ളതാണെന്നും സഞ്ചയയിൽ ഡാറ്റ എൻട്രി വരുത്തിയപ്പോൾ വന്ന തെറ്റുതിരുത്തി കെട്ടിടത്തിന്റെ ഒക്യുപ്പൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്.

## 2-9 ഉപയോഗത്തിനനുസരിച്ച് വസ്തുനികുതി നിർണ്ണയിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ 16/305A നമ്പർ കെട്ടിടത്തിൽ ഷാമിൽ വുഡ് ഇന്റസ്ട്രീസ് എന്ന സ്ഥാപനം നടത്തുന്നതിനാണ് 2017-18 വർഷത്തിൽ മുഹമ്മദ് മുസ്തഫ കെ.വി എന്നവർക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി. ജമീല കുണ്ടോട്ടുപാറക്കൽ എന്നവരുടെ ഉടമസ്ഥതയിലുള്ള 59.5 ച.മീറ്റർ തറവിസ്തീർണ്ണമുള്ള വ്യവസായാവശ്യത്തിനുള്ള ഈ കെട്ടിടത്തിന് കൈത്തറിഷെഡ് / കൈത്തൊഴിൽ ഷെഡ് എന്ന ഉപയോഗത്തിലുൾപ്പെടുത്തിയാണ് നികുതി ചുമത്തിയിട്ടുള്ളത്. വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 40 രൂപയാണ് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി. കൈത്തറി ഷെഡ്/ കയർപിരി ഷെഡ് എന്ന ഉപയോഗത്തിൽ ഉൾപ്പെടുത്തി 10 രൂപ നിരക്കിൽ വസ്തു നികുതി ചുമത്തിയതിലൂടെ ഗ്രാമപഞ്ചായത്തിന് 2061/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉപയോഗം | ഇതര വ്യവസായം |
| തറവിസ്തീർണ്ണം | 59.5ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 40/ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി(59.5 X 40) | 2380/-രൂപ |

| | |
|---|---|
| (-) ഇളവ് - 10 % (മേൽക്കൂര ) | 238/- രൂപ |
| (+) വർദ്ധനവ് - 20 % (വഴി സൌകര്യം -20% .) | 476രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 2618/-രൂപ |
| ഈടാക്കിയ വസ്തുനികുതി | 655/-രൂപ. |
| ഈടാക്കിയതിൽ കുറവ് | 1963രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (2618 * 5%) | 131 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 33രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 98 രൂപ. |
| ആകെ നഷ്ടം (1963+98) | 2061/-രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിയ്ക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്. അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് ( നം. 22/18.03.2019) അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-10 ഇ – ടെണ്ടർ; ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

(1)അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷം നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തി പദ്ധതികൾ ഇ- ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിച്ചാണ് നിർവ്വഹിച്ചിട്ടുള്ളത്. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ജില്ലാ പഞ്ചായത്തിലുള്ള അക്കൗണ്ടിലാണ് ഇ - ടെണ്ടറുകളുടെ ടെണ്ടർ ഫോം വില കരാറുകാർ അടവാക്കുന്നത്. ഈ തുക ഗ്രാമ പഞ്ചായത്തിന് ലഭ്യമാവുന്നതിന് ഗ്രാമ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

2.10.2017 ലെ സ.ഉ (സാധാ) നമ്പർ 3186/17 നമ്പർ ഉത്തരവ് പ്രകാരം ഈ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിന് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. ഭാവിയിൽ ഗ്രാമ പഞ്ചായത്തിലെ ഈ ടെണ്ടർ മുഖേനയുള്ള പ്രൊജക്ടുകളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ മാത്രം അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഇ – ടെണ്ടർ മുഖേന നടപ്പിലാക്കിയ ഏതാനും പ്രൊജക്ടുകളും അവയുടെ ടെണ്ടർ ഫോം വിലയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർഫോം വില | ആകെ |
|---|---|---|---|
| പെരിങ്ങോട്ടുപുലം അംഗൻവാടി നിർമ്മാണം (90/18) | 3 | 1600 | 5400 |
| ചെമ്മങ്കടവ് GUP സ്കൂൾ ക്ലാസ്സ് റൂം നിർമ്മാണം (38/18) | 2 | 1120 | 2240 |
| പാറക്കൽ അംഗൻവാടി കെട്ടിട നിർമ്മാണം (41/18) | 2 | 2800 | 5600 |
| വെസ്റ്റ് കോഡൂർ NK പടി വരിക്കോട് റോഡ് പുനരുദ്ധാരണം (6/18) | 2 | 1680 | 3360 |
| ചെമ്മങ്കടവ് ചോലക്കൽ ഉമ്മത്തൂർ ആനക്കടവ് റോഡ് പുനരുദ്ധാരണം (2/18) | 2 | 2800 | 5600 |

| | | | |
|---|---|---|---|
| ഈസ്റ്റ് കോഡൂർ വലിയാട് റോഡ് പുനരുദ്ധാരണം (8/18) | 2 | 1456 | 2912 |
| വടക്കേമണ്ണ GLP സ്കൂൾ പുനരുദ്ധാരണം (/18) | 2 | 1120 | 2240 |
| GMUP സ്കൂൾ വടക്കേമണ്ണ വായനശാല പൂർത്തീകരണം (35/18) | 2 | 1344 | 2688 |
| ചെമ്മങ്കടവ് ഒറ്റത്തറ പൊന്മള റോഡ് (3/18) | 1 | 2800 | 2800 |
| വട്ടപറമ്പ് ആൽപറ്റ കുളമ്പ് റോഡ് പുനരുദ്ധാരണം (7/18) | 2 | 2800 | 5600 |
| പള്ളിപ്പടി വീരാല്യമ്മൽ റോഡ് പുനരുദ്ധാരണം (9/18) | 1 | 1120 | 1120 |
| | | | 39560 |

23 / 18.3.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(2) സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ ഇ- ടെണ്ടർ വഴി ടെണ്ടർ ക്ഷണിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവർത്തി | ലഭ്യമായ ടെണ്ടറുകൾ | ടെണ്ടർ ഫോം വില (GST ഉൾപ്പെടെ) | ആകെ |
|---|---|---|---|---|
| 1 | 178/18 തെരുവ് വിളക്ക് മാറ്റി സ്ഥാപിക്കൽ | 11 | 1120 | 12320 |
| 2 | 54/18 പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ | 9 | 200 | 1800 |
| | | | | 14120 |

നിലവിൽ പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിലേക്കാണ് കരാറുകാർ ടെണ്ടർ ഫോം വില അടവാക്കുന്നത്. ആയത് പഞ്ചായത്തിന് ലഭ്യമാവുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/19.03.2019) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർഫോം വിലയായ 14120/- രൂപ പഞ്ചായത്തിന്റെതനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിന് ഡി.ഡി.പി വഴി അപേക്ഷിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.മേൽ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 2-11 വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തു നികുതി കുറവായി നിർണ്ണയിക്കുന്നു.

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011ലെ സ.ഉ.(അ)19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം

മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100 ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്നുള്ളതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ചതും ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതെന്നും കരുതുന്നു. എന്നാൽ പ്രസ്തുത ചട്ടത്തിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയവയാണെന്നും അവയ്ക്ക് 2011ലെ പരാമർശിത ചട്ടങ്ങൾ ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ നിർദ്ദേശമെന്നും വ്യക്തമാവുന്നതാണ്. ചട്ടം 4(1) ൽ പരാമർശിക്കപ്പെട്ട വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കുന്നതിനും അവയ്ക്ക് കെട്ടിട നമ്പർ നൽകി ഓരോ കെട്ടിടഭാഗത്തിനും ബാധകമായ വസ്തു നികുതി ചുമത്തേണ്ടതിന് 3(5), 5(1), 5(2) ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ ഒരേ തരം ഉപയോഗക്രമത്തിന് ഉപയോഗിക്കുന്ന 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ ചെറിയ തറവിസ്തീർണ്ണമുള്ള മുറികളായി തിരിച്ച എന്ന ഒറ്റക്കാരണത്താൽ കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചത് മൂലം നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം. | കെട്ടിട നം. | ഉടമയുടെ പേര് | ആകെ തറ വിസ്തീർണ്ണം (m2) |
|---|---|---|---|
| 1 | 2/210 P മുതൽ 2/210 V വരെ. (7മുറികൾ), | ശ്രീമതി.ഖദീജ മുതൽ പേർ പറവത്ത് ഹൗസ് വടക്കേമണ്ണ, കോഡൂർ | 136.64 |
| 2 | 2/444 Bമുതൽ 2/444 Eവരെ (4മുറികൾ) | ശ്രീ.അബ്ദുള്ള S/O അയമു, | 142.85 |
| 3 | 1/35 Aമുതൽ 1/35 Hവരെ (Cഒഴികെ) (7മുറികൾ) | ശ്രീ.ഹൈദർ , S/O കുഞ്ഞിമുഹമ്മദ്, കൊന്നോല ഹൗസ് | 201.53 |
| 4 | 7/167Aമുതൽ 7/167L വരെ | ശ്രീ.മുഹമ്മദാലി & അബ്ദുസമദ് കടമ്പോട് ഹൗസ്, ചട്ടിപ്പറമ്പ് | 224.95 |
| 5 | 7/286Aമുതൽ 7/286Hവരെ | ശ്രീ.ജമീല.കെ.ടി & മുഹമ്മദ് നെല്ലിക്കുന്നൻ ഹൗസ്, ചട്ടിപ്പറമ്പ് . | 367.00 |

വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 3(5), 5(1), 5(2) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20 /18.03.2019)

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള വിതരണം -ആദായ നികുതി ഈടാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

പ്രോജക്ട് : 177/18 കുടിവെള്ള വിതരണം

ചെലവ് : 456720/-(തനത് ഫണ്ട്)

2017-18 വർഷത്തിൽ കുടിവെള്ള വിതരണത്തിനായി 02.05.2017 ന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത് പ്രവർത്തി ഏറ്റെടുത്തത് ശ്രീ ശിഹാബ് അരീക്കാട്ട് ഹൗസ്, പെരിങ്ങോട്ടുപുലം എന്ന വ്യക്തിയാണ്. 48പൈസ/ ലിറ്റർ എന്ന നിരക്കാണ് ടിയാൻ ക്വാട്ട് ചെയ്തത് . എന്നാൽ ശ്രീ ശിഹാബുമായി സെക്രട്ടറി കരാറിലേർപ്പെട്ടിട്ടില്ല. ടെണ്ടർ നിബന്ധന 12പ്രകാരം ഓരോ പ്രദേശത്തും കുടിവെള്ള വിതരണം നടത്തുന്നതിന്റെ ഫോട്ടോ കൂടി ബില്ലിനൊപ്പം സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല. അംഗീകരിച്ച നിരക്കിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം ചെയ്തതിന് കരാറുകാരന് (വൗച്ചർ നമ്പർ 264/06-17/30.06.2017 പ്രകാരം ) 456720/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തുക നൽകിയപ്പോൾ ആദായ നികുതി 1% ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രവ്യത്തിയുടെ ഭാഗമായുള്ള ഇ എം ഡി തുക വൗച്ചർ നമ്പർ 334/07-17/31.07.17 പ്രകാരവും (5000/-) സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക 19750/- രൂപ വൗച്ചർ നമ്പർ 335/07-17/31.07.2017 പ്രകാരവും തിരികെ നൽകിയിട്ടുണ്ട്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/16.03.2019)കരാർ ലഭ്യമാക്കുകയും ആദായ നികുതി 4567/- രൂപ 18.03.2019 ലെ രശീതി 118050104489 പ്രകാരം അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുകയും ചെയ്തു. മേലിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 3-2 ചെലവു രേഖകൾ ലഭ്യമാക്കിയില്ല തുക തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ , തനതു ഫണ്ട് വൗച്ചറുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ചെലവുകളുടെ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വൗച്ചർ/ബിൽ നമ്പർ/തിയ്യതി | തുക | ഇനം | റിമാർക്സ് |
|---|---|---|---|---|
| 1 | 244/06-17/ 16.06.2017 | 79990 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി പി എച്ച് സി മെഡിക്കൽ ഓഫീസർക്കു നൽകിയത് | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 2 | 21700284/06.07.2017 | 9000 | ആയുർ വേദ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനായി ആയുർവേദ മെഡിക്കൽ ഓഫീസർക്കു നൽകിയത് | - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 3 | 21700487/ 18.09.2017 | 5000 | വക്കീൽ ഫീസിനത്തിൽ അഡ്വ. ജേക്കബ് സെബാസ്റ്റ്യന് നൽകിയത്. | കൈപ്പറ്റു രശീതി ലഭ്യമാക്കിയില്ല. |
| 4 | 21700563/ 09.10.2017 | 8169 | കമ്പ്യൂട്ടർ കോഴ്സിന് ഫീ ഇനത്തിൽ C-Ditന് നൽകിയത് | കൈപ്പറ്റു രശീതി ഇല്ല. |
| 5 | 21700798/ 15.12.2017 | 50214 | കമ്പ്യൂട്ടർ കോഴ്സിന് ഫീ ഇനത്തിൽ C-Ditന് നൽകിയത് | കൈപ്പറ്റു രശീതി ഇല്ല. |
| 6 | 21700863/ 01.01.2018 | 11500 | വക്കീൽ ഫീ ഇനത്തിൽ അഡ്വക്കറ്റ് ദേവിദാസ് യു കെ ക്ക് നൽകിയത് | കൈപ്പറ്റു രശീതി ഇല്ല. |
| 7 | 21701161/ 23.03.2018 | 13000 | ലൈഫ് മിഷൻ പദ്ധതിക്ക് ശ്രീമതി കമലം എന്നവർക്ക് നൽകിയത് | കൈപ്പറ്റു രശീതി ഇല്ല. |

| | | | | |
|---|---|---|---|---|
| 8 | 21701046/ 21.02.2018 | 10000 | വക്കീൽ ഫീ ഇനത്തിൽ അഡ്വക്കറ്റ് ദേവിദാസ് യു കെ ക്ക് നൽകിയത് | കൈപ്പറ്റു രശീതി ഇല്ല. |
| 9 | 9/17-18/22.08.2017 | 175380 | 79/18 പുതിയ സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കൽ പൈപ്പ് - ധനകാര്യകമ്മീഷൻ അവാർഡ് ) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 10 | 8/17-18/ 22.08.2017 | 732174 | 79/18 പുതിയ സ്ട്രീറ്റ് മെയിൻ മീറ്റർ സ്ഥാപിക്കൽ പൈപ്പ് - (ലോകബാങ്ക് ധനസഹായം) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 11 | 21/17-18/04.11.2017 | 1713160 | 179/18 കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ (കെ ഡബ്ല്യു എ ഡെപ്പോസിറ്റ്) | വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 12 | 22/17-18/ 04.11.2017 | 70103 | 55/18 ഐ കെ എം വിഹിതം നൽകൽ | കൈപ്പറ്റു രശീതി ലഭ്യമല്ല |
| | | 2877690 | | |

അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 2877690/- തടസ്സം ചെയ്യുന്നു.

## 3-3 വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കേണ്ട തുക ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം ചെയ്ത 57/18 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (കെ ഡബ്ല്യു എ ഡെപ്പോസിറ്റ്) എന്ന പ്രവർത്തിക്കായി ബിൽ നമ്പർ 5/17-18/02.08.2017 പ്രകാരം 820000 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. ആയതിന് 21.02.2019 ന് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം പ്രവർത്തി 683648/- രൂപ വിനിയോഗിച്ച് പൂർത്തീകരിച്ചുവെന്നും ബാക്കി തുക 136352/- രൂപ ആവശ്യപ്പെടുന്ന മുറക്ക് തിരികെ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ– അപാകതകൾ

2017-18 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതൾ താഴെ ചേർക്കുന്നു.

1. ഇ ടെണ്ടർ ചെയ്യാത്തത് സംബന്ധിച്ച്

(i)പ്രോജക്ട് : 156/18 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

ചെലവ് : 558600/-(വികസനഫണ്ട് -എസ് സി പി)

മേൽ പ്രോജക്ട് പ്രകാരം 29400/- രൂപയുടെ ലാപ്ടോപ്പുകൾ പെൻട്രോൺ ഇൻഫോസിസ്റ്റംസ് എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ നടപടികളിലൂടെ വാങ്ങി 19 വിദ്യാർത്ഥികൾക്കായി നൽയിയിട്ടുണ്ട്. സ.ഉ(എം എസ്)13/2015/ITD തിയ്യതി 12.05.2015 പ്രകാരം 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ടെണ്ടറുകൾക്ക് ഇ – പ്രോക്യൂർമെന്റ് ബാധകമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ ആയത് പാലിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചതുപോലെ പ്രോക്യൂർമെന്റ് മാനവൽ പ്രകാരമാണ് പ്രോജക്ട് നടപ്പിലാക്കിയതെന്നാണ് നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറിക്ക് (02/15.03.2019 ) ന് മറുപടി ലഭ്യമാക്കിയത്. മേലിൽ ഇ-ടെണ്ടർ നടപടികളിലൂടെ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രോജക്ട് നമ്പർ: 154/18 എസ് എസ് എ വിഹിതം

ബിൽ നമ്പർ : 01/17-18/22.07.2017 (10,00,000)

: 06/17-18/24.03.2018 (6,60,000)

ചെക്ക് നമ്പർ: 9189096/23.03.2018 (3,40,000)

മേൽ തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവു തുക 20,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 3-5 പദ്ധതി നിർവ്വഹണം- നടപടി ക്രമം പാലിച്ചില്ല

നിർവ്വഹണോദ്യോഗസ്ഥൻ: കൃഷി ഓഫീസർ

പ്രോജക്ട് : 162/18 കാർഷിക സേവനങ്ങൾക്ക് സബ്സിഡി

ചെലവ് : 14405/-(വികസനഫണ്ട് - പൊതുവിഭാഗം)

ബിൽ നമ്പർ: 25/17-18/24.03.2018

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി ഒ (എം എസ്) 80/2017 ത സ്വ ഭ വ തിയ്യതി 03.04.2017 പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണും കൃഷി ഓഫീസർ കൺവീനറുമായി കൃഷിഭവന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനകൾ മുഖാന്തിരം നിയന്ത്രിത നിരക്കിൽ നൽകുന്ന സേവനങ്ങൾക്ക് 25% തുക കർഷകർക്ക് കുറവ് ചെയ്ത് നൽകുന്നതിനും ടി തുക കർമ്മസേനയുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും നേരിട്ട് നൽകുന്നതിനുമാണ് കാർഷിക സേവനങ്ങൾക്ക് സബ്സിഡി എന്ന പ്രോജക്ട് ലക്ഷ്യം വെച്ചിരുന്നത്. സേവനങ്ങൾക്ക് നൽകുന്ന ബില്ലിൽ തദ്ദേശ സ്വയംഭരണ സ്ഥാപന സബ്സിഡി എന്നു രേഖപ്പെടുത്തിയാണ് തുക കുറവു ചെയ്യേണ്ടത്. കൂലി സബ്സിഡി ലഭിക്കുന്നകർഷകർക്ക് ഈ പ്രോജക്ട് വഴി സബ്സിഡി ലഭിക്കുന്നതിന് അർഹതയില്ല.

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

i. സേവനങ്ങൾ കൈപ്പറ്റിയ കർഷകർ കൂലി സബ്സിഡി ലഭിക്കുന്നവരെല്ലെന്ന സാക്ഷ്യ പത്രം ഫയലിൽ ഇല്ല.

ii. സബ്സിഡി തുക കർമ്മസേനയുടെ അക്കൗണ്ടിലേക്കല്ല കർഷകരുടെ അക്കൗണ്ടിലേക്കാണ് നൽകിയത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/15.03.2019) സേവനങ്ങൾ കൈപ്പറ്റിയ കർഷകർ കൂലി സബ്സിഡി ലഭിക്കുന്നവരെല്ലെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രായോഗിക സമീപനം എന്ന നിലയിലാണ് കർഷകരുടെ അക്കൗണ്ടിലേക്ക് തുക നൽകിയതെന്നും മറുപടി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പ്രോജക്ട് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് ചെലവു ചെയ്തു

കൃഷി ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് സബ്സിഡി നൽകിയിട്ടുണ്ട്.

(i) പ്രോജക്ട് : SO 152/18 വാഴകൃഷി പ്രോത്സാഹനം

ചെലവ് : 45000/-(വികസനഫണ്ട് - പൊതുവിഭാഗം)

ബിൽ നമ്പർ: 02/17-18/25.07.2017

2016-17 ൽ അംഗീകാരം ലഭിച്ച മേൽ പ്രോജക്ട് 2017-18 ൽ സ്പിൽഓവർ പ്രോജക്ടായാണ് നടപ്പിലാക്കിയത്. സ.ഉ (എം എസ്) 04/2016 തിയ്യതി 11.01.2016 പ്രകാരം വാഴക്കന്നിന് ചെലവഴിച്ച തുകയുടെ 75% (പരമാവധി 2500/- രൂപ) ആണ് സബ്സിഡിയായി നൽകാവുന്നത് . എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക അധികമായി അനുവദിച്ചതായി കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | അനുവദിക്കേണ്ട തുക | അനുവദിച്ച തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|
| 1 | ഇബ്രാഹിം സി ചോലക്കൽ | 2500 | 2700 | 200 |

| | | | | |
|---|---|---|---|---|
| 2 | കുഞ്ഞീതു എൻ നൊട്ടനാലുക്കൽ | 2500 | 3600 | 1100 |
| 3 | അലവി കെ കാളൊടി | 2500 | 2700 | 200 |
| 4 | അബ്ദുസ്സലാം ടി തറയിൽ | 2500 | 4500 | 2000 |
| | | | | 3500 |

(ii)പ്രോജക്ട് : 62/18 വാഴകൃഷി പ്രോത്സാഹനം

ചെലവ് : 250000/-(വികസനഫണ്ട് - പൊതുവിഭാഗം)

ബിൽ നമ്പർ: 03/17-18/26.09.2017(150000/-)

ബിൽ നമ്പർ: 15/17-18/17.03.2018(69210/-)

ബിൽ നമ്പർ: 23/17-18/17.03.2018(30790/-)

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി ഒ (എം എസ്) 80/2017 ത സ്വ ഭ വ തിയ്യതി 03.04.2017 പ്രകാരം 2017-18 ൽ വാഴക്കന്നിന് 100% സബ്സിഡി (പരമാവധി 3500/-) രൂപ നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് തുക അധികമായി അനുവദിച്ചതായി കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ബിൽ നമ്പർ/തിയ്യതി | നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ഇബ്രാഹിം സി ചോലക്കൽ | 03/17-18 /26.09.2017 (150000/-) | 3500 | 3600 | 100 |
| 2 | ഹംസ സി ചെറച്ചി | | 3500 | 3600 | 100 |
| 3 | മൊയ്തീൻ പി ചെറുകാട്ടിൽ | 15/17-18 /17.03.2018 (69210/-) | 3500 | 3600 | 100 |
| 4 | അലവി കെ കാളൊടി | 23/17-18 /17.03.2018 (30790/-) | 3500 | 4200 | 700 |
| 5 | അബ്ദുസ്സലാം ടി തറയിൽ | | 3500 | 3600 | 100 |
| 6 | അസൈൻ വില്ലൻ പറക്കത്തൊടി | | 3500 | 4000 | 500 |
| | | | | | 1600 |

മേൽ ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ തുക അധികം നൽകിയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/15.03.2019) ലഭ്യമാക്കിയ മറുപടിയിൽ മേൽ കർഷകരെല്ലാം സ്ഥിരം വാഴകൃഷിക്കാരാണെന്നും 500 ൽ അധികം വാഴകൾ കൃഷി ചെയ്തിട്ടുണ്ടെന്നും പരമാവധി അനുവദനീയമായ തുക ശ്രദ്ധയിൽ പെടാതെ പോയതുകൊണ്ടാണ് അധികം തുക അനുവദിച്ചതെന്നുമാണ് വ്യക്തമാക്കിയത്. മറുപടി തൃപ്തികരമല്ലാത്തതിനാൽ അധികം നൽകിയ തുക 5100/-(3500+1600) രൂപ തിരിച്ചടവാക്കേണ്ടതാണ്.

## 3-7 ആശുപത്രി മാനേജ്മെന്റ് കമ്മറ്റി

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 9 ഉപവകുപ്പ് (1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31) HMC കളുടെ വരവ് - ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ കീഴിലുള്ള ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ആയുർവേദം) 2011-12 വർഷം മുതൽ എച്ച് എം സി ഫണ്ടിനത്തിൽ വരവുണ്ടെങ്കിലും നാളിതുവരെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

ജി ഒ(എം. എസ്) 79/2007/LSGD തിയ്യതി 14.03.2007 പ്രകാരം പഞ്ചായത്തിലെ ആശുപത്രികളിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതും കമ്മറ്റി തീരുമാന പ്രകാരം പൊതുജനങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിച്ച് ആയത് ഹോസ്പിറ്റലിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഹോസ്പിറ്റലിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കേണ്ടതാണ്. 2015 സെപ്റ്റംബർ മുതൽ പ്രവർത്തിക്കുന്ന പഞ്ചായത്തിന്റെ കീഴിലുള്ള ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിൽ (ഹോമിയോപ്പതി) 17.10.2017 നാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചത്. എന്നാൽ നാളിതു വരെയായി ഫണ്ടിന്റെ കാര്യത്തിൽ തീരുമാനമെടുക്കുകയുണ്ടായില്ല. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി തീരുമാനമെടുത്ത് ഫണ്ട് ആയത് ഉപയോഗപ്പെടുത്തി ഹോസ്പിറ്റലിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ കാര്യങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/19.03.2019) ആയുഷ് ഹെൽത്ത് സെന്റർ (ആയുർവേദം) എച്ച് എം സി ഫണ്ട് വരവു ചെലവു കണക്കുകൾ ഓഡിറ്റിനു മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയുഷ് പ്രൈമറി ഹെൽത്ത്സെന്റർ (ഹോമിയോ) കമ്മറ്റി ഉടൻ ചേർന്ന് ഫണ്ടിന്റെ കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-8 അസിസ്റ്റന്റ് എഞ്ചിനീയർ - രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല
2. എഗ്രിമെന്റ് രജിസ്റ്ററിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല
3. പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
4. പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-9 കുടിവെള്ള പദ്ധതി - GI പൈപ്പിന് അധിക വില നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നായർതൊടി കുടിവെള്ള പദ്ധതി (95/18) ഇനം ഒന്ന് പമ്പിങ് മെയിൻ ആവശ്യത്തിനായി 94.5മീറ്റർ നീളത്തിൽ സ്ഥാപിച്ച 50mm GI പൈപ്പിന് അധിക വില നൽകിയത് വഴി ഗ്രാമ പഞ്ചായത്തിന് 6072 രൂപയുടെ അധിക ചെലവുണ്ടായി.

GI പൈപ്പ് സ്ഥാപിക്കുന്നതിന് ഡെൽഹി അനാലിസിസ് ഓഫ് റൈറ്റിൽ (DSR) ഉൾപെടുത്തിയ ഡാറ്റയിൽ പ്രവൃത്തിക്കായി മണ്ണ് കിളച്ചെടുക്കുന്നതിനും തിരികെ മണ്ണിടുന്നതിനുമുള്ള തുക ഉൾപെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയിൽ GI പൈപ്പ് സ്ഥാപിക്കുന്നതിന് മണ്ണ് കിളച്ചെടുത്തിട്ടില്ല എന്ന് 16.3.2019ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. ഈ പ്രവൃത്തിയിൽ തറ നിരപ്പിന് മുകളിൽ GI പൈപ്പ് സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ മണ്ണ് കിളച്ചെടുക്കുന്നിനും, റീഫില്ലിങ്ങിനുമുള്ള നിരക്ക് കുറവ് ചെയ്തതിന് ശേഷമുള്ള തുക മാത്രമാണ് ഈ ഇനത്തിന് നൽകാവുന്നത്.

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|---|
| നായർതൊടി കുടിവെള്ള പദ്ധതി (95/18)<br>കൺവീനർ ശ്രീ. മണികണ്ഠൻ കെ<br>അളവ് പുസ്തകം 102/16-17<br>ചെക്ക് 1440173/31.10.2017<br>തുക. 110000<br>കോസ്റ്റ് ഇൻഡക്സ് 36.19% | APP 2- ഇനം 1 50mm dia GI പൈപ്പ് | 94.50 m | 48063 (@508.60/m) | 41991 444.35/m) | 6072 |

15 /18.3.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-10 അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തി സ്ഥല പരിശോധനയിൽ കണ്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ GLP സ്കൂൾ പോരിങ്ങോട്ടുപുലം പുനരുദ്ധാരണം (39/18) എന്ന പ്രവൃത്തി APP 1 ഇനം 3ആയി GI പൈപ്പ് ഉപയോഗിച്ച് ബീം, സ്ലൂട്ട് എന്നിവ ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 16.3.2019ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പ്രവൃത്തി ചെയ്തതായി കണ്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം | അളവ് പുസ്തകം പ്രകാരം ചെയ്ത അളവ് | പരിശോധനയിൽ കണ്ടത് | അധികം നൽകിയ തുക |
|---|---|---|---|---|
| GLP സ്കൂൾ പോരിങ്ങോട്ടുപുലം പുനരുദ്ധാരണം (39/18)<br>കരാറുകാരൻ ശ്രീ. മുഹമ്മദ് മുസ്തഫ<br>അളവ് പുസ്തകം 31/17-18<br>ബിൽ 30/13.3.2018<br>തുക. 290733 | ബീം - | 89.03Kg<br>100*50*3.2mm<br>1*2*6.3=12.60m 7.01kg/M =89.03 | 44.16 Kg<br>1*6.3=6.30*7.01Kg | 6300<br>(89.03-4416=44.87Kg<br>@140.41 |
| | സ്ലൂട്ട് | 48.68Kg<br>1*22*.02=4.40M<br>1*21*.36=7.56M | ഇല്ല | 6835<br>(48.68Kg @140.41) |

| | | | | |
|---|---|---|---|---|
| DAR 2016കോസ്റ്റ് ഇൻഡക്സ് 40.2% | | 4.07Kg/M | | |

2. പ്രവൃത്തി - വെസ്റ്റ് കോഡൂർ NK പടി ചെറിയതോട് പാത്‌വെ

ഈ പ്രവൃത്തിയുടെ APP 2 ഇനം 1ആയി പാത്‌വെ യിൽ 70cm വീതിയിൽ ആകെ 2.43 $m^3$ സിമന്റ് കോൺക്രീറ്റ് (1:4:8)ചെയ്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 16.3.2019ന് ഗ്രാമ പഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത പ്രവൃത്തി ചെയ്തതായി കണ്ടില്ല.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം ചെയ്ത അളവ് | പരിശോധനയിൽ കണ്ടെത് | അധികം നൽകിയ തുക |
|---|---|---|---|
| വെസ്റ്റ് കോഡൂർ NK പടി ചെറിയതോട് പാത്‌വെ (93/18)<br>കൺവീനർ ശ്രീ. കുഞ്ഞുമുഹമ്മദ് K.P<br>അളവ് പുസ്തകം 95/16-17<br>ബിൽ 2/30.6.2017 തുക. 67000<br>ബിൽ 3/30.6.2017തുക. 107185<br>DAR 2014കോസ്റ്റ് ഇൻഡക്സ് 1.36% | 2.43 $m^3$ | ഇല്ല | 13305 |

ഈ ഇനത്തിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

16 /18.3.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-11 റൂഫിങ് പ്രവൃത്തി - അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വലിയ പറമ്പ് അംഗൻവാടി പുനരുദ്ധാരണം എന്ന പ്രവൃത്തിൽ കെട്ടിടങ്ങളുടെ മേൽ കൂര പണിയുന്നതിന് വേണ്ടി പോസ്റ്റ് , കോമൺ റാഫ്റ്റർ, എന്നിവക്കായി ഉപയോഗിച്ച GIപൈപ്പിന് ട്രസ്സ് വർക്കിന് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളെല്ലാം തന്നെ സിംഗിൾ സെക്ഷൻ പ്രവൃത്തികളാണെന്ന് 16.3.2019 ന് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യമായി.

സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് DSR code 50.10.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. എന്നാൽ മേൽ പരാമർശിച്ച ഇനത്തിന് ട്രസ്സ് വർക്കിന് ബാധകമായ DSR code 50.10.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഇത് അനുവദനീയമല്ല.

അധികം നൽകിയ തുക ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെയ്ത അളവ് | നൽകിയ തുക (code50.10.1) | നൽകാവുന്ന തുക (code 50.10.2) | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വലിയ പറമ്പ് അംഗൻവാടി പുനരുദ്ധാരണം ( 186/18).<br>കരാറുകാരൻ ശ്രീ. ഷംസുദ്ധീൻ.കെ<br>അളവ് പുസ്തകം 68/17-18<br>ബിൽ 65/13.3.2018 തുക 100000<br>DSR 2016 cost index 37.25% | 147.48 /Kg<br>(പോസ്റ്റ് 62.64Kg, റാഫ്റ്റർ 84.84 Kg) | 20273<br>@137.46 /Kg | 16507<br>@<br>111.93/Kg | 3766 |

17 /18.3.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-12 ഐറിഷ് ഡ്രൈൻ പ്രവൃത്തി - മണ്ണ് കിളച്ചെടുക്കുന്നതിന് അധിക നിരക്കിൽ തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് പ്രവൃത്തികളുടെ ഭാഗമായി ഐറിഷ് ഡ്രൈൻ നിർമ്മിക്കുന്നതിന് മണ്ണ് കിളച്ചെടുക്കുന്നതിന് DSR 2.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് 2.8.1 പ്രകാരമുള്ള നിരക്ക് ആണ് നൽകേണ്ടത്.

ക്വാറി മക്ക് ഫില്ലിങ് 10Cm, 1:4:8 സിമന്റ് കോൺക്രീറ്റ് 7.5cm, 1:2:4 സിമന്റ് കോൺക്രീറ്റ് 7.5cm എന്നിവയാണ് ഡ്രൈനേജ് പ്രവൃത്തിയിൽ ഉൾപ്പെട്ട മറ്റിനങ്ങൾ. ഇവ ചെയ്യുന്നതിനായി ആകെ 25cm കനത്തിൽ ആവശ്യമായ വീതിയിൽ മണ്ണ് കിളച്ചെടുക്കുന്നതിന് DSR 2.8.1 പ്രകാരമുള്ള നിരക്കാണ് അനുവദനീയമായത്.

അധികം നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ, ആവശ്യമായ പരിശോധന നടത്താതെ ബിൽ തുക നൽകിയ അസി. എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തി ചെയ്ത അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| ചെമ്മങ്കടവ് ചോലക്കൽ ഉമ്മത്തൂർ ആനക്കടവ് പാലം റോഡ് (2/18)<br>കൺവീനർ ശ്രീ.അബ്ബാസ്.കെ.പി<br>അളവ് പുസ്തകം 46/17-18<br>ബിൽ 56/26.3.2018<br>തുക. 1342751<br>കോസ്റ്റ് ഇൻഡക്സ് 40.2% | 173.80 $m^2$<br>(159.75മീറ്റർ) | 12915<br>(@74.31/$m^2$) | 10136<br>(43.45 $m^3$<br>@233.29/$m^3$)<br>173.80*0.25=<br>43.45 $m^3$ | 2779 |
| ചെമ്മങ്കടവ് യു.പി സ്കൂൾ റോഡ് പുനരുദ്ധാരണം (133/18)<br>കരാറുകാരൻ. ശ്രീ. അബ്ദുല്ലതീഫ്.<br>അളവ് പുസ്തകം 32/17-18<br>ബിൽ 58/26.3.2018 | 63.78$m^2$ | 4739<br>(@74.31/$m^2$) | 3721<br>(15.95$m^3$<br>@233.29/$m^3$<br>63.78*0.25cm) | 1018 |

| | | | | |
|---|---|---|---|---|
| തുക. 319310<br>കോസ്റ്റ് ഇൻഡക്സ് 40.2% | | | | |
| പാറമ്മൽപടി അരീപറമ്പ മങ്ങാട്ട്പുലം റോഡ് (143/18)<br>കരാറുകാരൻ.ശ്രീ.അബ്ബാസ്.കെ.പി.<br>അളവ് പുസ്തകം 52/17-18<br>ബിൽ 52/22.3.2018<br>തുക. 296000<br>കോസ്റ്റ് ഇൻഡക്സ് 40.2% | $126m^2$ | 9363<br>(@74.31/$m^2$) | 7349<br>(31.5 $m^3$<br>@233.29/$m^3$)<br>126*0.25=<br>31.5 $m^3$ | 2014 |
| ആകെ | | | | 5811 |

18/18.3.2019 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയുള്ള റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ - പ്രോൽസാഹിപ്പിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കരാറുകാർ/ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന ഇത്തരം പ്രവൃത്തികളേക്കാൾ വളരെ ചെലവ് കുറച്ച് കോൺക്രീറ്റ് പ്രവൃത്തികൾ നിർവ്വഹിക്കാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന കഴിയുന്നുണ്ട്.

NREGS വിഭാഗം മരാമത്ത് പ്രവൃത്തികൾക്കുള്ള് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 'Secure' എന്ന software മുഖേനയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന 'Price' software ലെ നിരക്കിനേക്കാൾ താരതമ്യേന കുറഞ്ഞ നിരക്കായതിനിലാണ് ഇപ്രകാരം കുറഞ്ഞ തുകക്ക് MGNREGS വിഭാഗത്തിന് പ്രവൃത്തി ചെയ്യാൻ കഴിയുന്നത്.

റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് വേണ്ടി വരുന്ന പ്രധാന ഇനങ്ങളും അവയുടെ നിരക്ക് വ്യത്യാസവും ചുവടെ ചേർക്കുന്നു.

| ഇനം | കരാറുകാർ മുഖേന (DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%) | NREGS മുഖേന | 1 $m^3$ അധികം |
|---|---|---|---|
| ക്വാറിമക്ക് നിരത്തൽ | 891.95/cum | 411.48/cum | 480.47 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 6146.26/cum | 4609.36/cum | 1536.9 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 7523.98/cum | 5809.98/cum | 1714 |

കരാറുകാർ മുഖേന (എസ്റ്റിമേറ്റ് നിരക്ക്) ചെയ്ത ഒരു പ്രവൃത്തിക്ക് നൽകിയ തുകയും അതേ പ്രവൃത്തി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നിർവ്വഹിച്ചിരുന്നെങ്കിൽ നൽകേണ്ടിയിരുന്ന തുകയുടെ വ്യത്യാസവും ചുവടെ ചേർക്കുന്നു.

പ്രവൃത്തി:- ചകിരി മില്ല് മഞ്ചേരി കുളമ്പ് റോഡ് കോൺക്രീറ്റിങ് (17/18)

നീളം. 40.45 M , ശരാശരി വീതി 2.80M

| ഇനം | അളവ് | നൽകിയ തുക | MGNREGS നിരക്ക് പ്രകാരം തുക | വ്യത്യാസം |
|---|---|---|---|---|
| ക്വാറിമക്ക് നിരത്തൽ | $10.57m^3$ | 9941 @891.95/cum | 4349.34 @411.48 | 5591.66 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | $10.60m^3$ | 65150.35 @6146.26/cum | 48859.22 @4609.36 | 16291.13 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | $8.23m^3$ | 61922.35 @7523.98/cum | 47816.14 @5809.98 | 14106.21 |
| | | | | 35989 |

നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന ലാഭം മേൽ കാണിച്ച താരതമ്യത്തിൽ നിന്നും വ്യക്തമാണ്. കൂടാതെ തൊഴിലുറപ്പ് മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും , ഗ്രാമീണ ജനതയുടെ സാമ്പത്തിക ഉന്നമനവും ഇത് വഴി സാധിക്കും.

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയ മിക്ക റോഡ് കോൺക്രീറ്റ് പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് കരാറുകാർ ചെയ്തിട്ടുള്ളത്.

കോൺക്രീറ്റ് പ്രവൃത്തികൾ ഓരോ വർഷവും വർദ്ധിച്ച് വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. ആയതിനാൽ ഇത്തരം പ്രവൃത്തികൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കാൻ ഭരണ സമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 3-14 വനിത വികസനവുമായി ബന്ധപ്പെട്ടുള്ള അനിവാര്യമായ പ്രോജക്ടുകൾ തയ്യാറാക്കിയില്ല

വനിത വികസനവുമായി ബന്ധപ്പെട്ട് ജാഗ്രതാ സമിതിയുടെ പ്രവർത്തനം വ്യാപിപ്പിക്കൽ, ജെന്റർ റിസോഴ്സ് സെന്റർ, ജെന്റർ ഡെസ്ക് രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ എറ്റെടുക്കാനുള്ള നിർദ്ദേശം ഓഡിറ്റ് വർഷത്തിലും നടപ്പിലാക്കാനായിട്ടില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷൻ, അസി.സെക്രട്ടറി, കൺവീനർ,ഐ സി ഡി എസ് സൂപ്പർവൈസർ, സി ഡി എസ് ചെയർപേഴ്സൺ, രണ്ട് വനിതാ മെമ്പർമാർ, സന്നദ്ധ പ്രവർത്തകരായ വനിതകൾ, വിദഗ്ധർ അടക്കം 15 അംഗങ്ങളുള്ള ജെന്റർ റിസോഴ്സ് സെന്റർ രൂപീകരക്കാൻ നിർദ്ദേശമുള്ളതാണ്. ബന്ധപ്പെട്ട ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റി മിനിട്സ് തീരുമാനങ്ങൾ പരിശോധിച്ചതിൽ സെന്റർ രൂപീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിക്കാത്ത സാഹചര്യത്തിൽ സ്ത്രീകളിുടെ സാമൂഹ്യ പദവി പഠനം പൂർത്തിയാക്കാനും ആയത് കാലാനുസൃതമാക്കാനുമുള്ള നിർദ്ദേശവും നടപ്പിലായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനായി 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശമുള്ളതാണ്.

വിദ്യാർത്ഥിനികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും മാനസികാരോഗ്യത്തിനും സഹായകരമായ പ്രവർത്തനത്തിനുവേണ്ടിയാണ് സ്കൂളുകളിൽ ജെന്റർ ഡെസ്ക് സ്ഥാപിക്കാൻ നിർദ്ദേശിച്ചത്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പ് വരുത്താനായി കേരള സംസ്ഥാന വനിതാ കമ്മീഷന്റെ പ്രാദേശിക ഘടകമായി പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനായി പദ്ധതി തുക വിനിയോഗിക്കാനുള്ള നിർദ്ദേശം വാർഡ് തല ജാഗ്രതാ സമിതി അംഗങ്ങൾക്കുള്ള പരിശീലനം മാത്രമായി. വനിതാ നിർഭയ ജാഗ്രതാ സമിതി എന്ന പ്രോജക്ടിൽ ഐ സി ഡി എസ് സൂപ്പർവൈസർ വികസന ഫണ്ടിൽ നിന്നും 5000 രൂപ ചെലവഴിച്ചതിന്റെ തുടർ പ്രവർത്തനമെന്താണെന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ജാഗ്രതാ സമിതിയുടെ പ്രവർത്തനം ശക്തിപ്പെടുത്താനും ജെന്റർ

റിസോഴ്സ് സെന്ററിന്റെ പ്രവർത്തനത്തിനുമായി നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള വനിതാ കൗൺസിലറെ നിയമിക്കാനുള്ള നിർദ്ദേശവും നടപ്പിലാക്കിയിട്ടില്ല.

വനിതാ ഘടക പദ്ധതിൽ ഉൾപ്പെടുത്തി കറവപ്പശു വിതരണം, വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം, പെണ്ണാടുകളുടെ വിതരണം തുടങ്ങിയ പ്രോജക്റ്റുകളാണ് നടപ്പിലാക്കിയത്. സ്ത്രീകളുടെ വരുമാന വർദ്ധനവിനും ശേഷി വർദ്ധനവിനും സഹായകരമായ പ്രോജക്ടുകൾ കൂടുതലായി തെരഞ്ഞെടുത്ത് മേഖലയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഓരോ വർഷവും സ്ത്രീ വികസനവുമായി ബന്ധപ്പെട്ട അവസ്ഥാ വിശകലന റിപ്പോർട്ടും ഘടക സ്ഥാപനങ്ങൾ പൊതുയിടങ്ങളിലെ സ്ത്രീസുരക്ഷയും സൗകര്യവുമേർപ്പെടുത്തിയതിന്റെ പെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കാൻ നടപടിയുണ്ടാവണം. അതോടൊപ്പം ജെന്റർ റിസോഴ്സ് സെന്റർ രൂപീകരിച്ച് സ്ത്രീകളുടെ സാമൂഹ്യ പദവി പഠനം പൂർത്തിയാക്കാനും സ്കൂളുകളിൽ വിദ്യാർത്ഥിനികളുടെ കൗൺസിലിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കും സ്ത്രീസുരക്ഷക്കുമായുള്ള ജാഗ്രതാ സമിതിയുടെ പ്രവർത്തനം നിർദ്ദേശിക്കപ്പെട്ട രീതിയിൽ തന്നെ നടപ്പിലാക്കാനാവണം.

വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനായി വനിതാ വികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മേഖലയിലെ നിലവിലെ അവസ്ഥ കൃത്യമായി പഠിച്ചും വാർഷിക പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ടും പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും അവയുടെ കൃത്യതയും നിയമസാധുതയും ഉറപ്പ് വരുത്തി നടപ്പിലാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ മേൽനോട്ടവും ഉണ്ടാവേണ്ടതാണ്. നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വിശദീകരിക്കുകയുണ്ടായി.

## 3-15 ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് വിതരണം- ഡാറ്റാ രജിസ്റ്റർ തയ്യാറാക്കണം

നിർവ്വഹണം: ഐ.സി.ഡി.എസ് സൂപ്പർവൈസർ

ശാരീരികവും മാനസ്സികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണമെന്ന പ്രോജക്ടിന്റെ (111/18) ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള110 ഭിന്നശേഷിക്കാർക്ക് ഒരു വർഷത്തേക്ക് അർഹമായ വിദ്യാഭ്യാസ സ്കോളർഷിപ്പും ബത്തയും ഇനത്തിൽ 17.75 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ വാർഷിക ഗ്രാന്റ് കൈപ്പറ്റി ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂൾ 2011 മുതൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്നുണ്ട്.

വാർഷിക പദ്ധതി മാർഗ്ഗരേഖയിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ ഒരു ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കാനും കാലാകാലങ്ങളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ കാലികമായി സൂക്ഷിക്കാനും നിർദ്ദേശമുള്ളതാണ്. 17.08.16ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിലും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചതാണ്.

ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി 19ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ സ്കോളർഷിപ്പ് വിതരണ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ഭിന്നശേഷി വിഭാഗക്കാരുടെ വൈകല്യമുൾപ്പെടെയുള്ള പൂർണ്ണമായ വിവരവും അർഹമായ വാർഷിക ആനുകൂല്യ വിവരവും, വിവിധ വിഭാഗങ്ങൾക്ക് നിരക്ക് വത്യാസപ്പെടുന്നതിനാൽ, വ്യക്തമാക്കുന്നൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ലായെന്ന് കാണുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഒരേ വ്യക്തിക്കുള്ള ആനുകൂല്യങ്ങൾ തന്നെ ഒന്നിലധികം ബില്ലുകളിലൂടെ കൈമാറുന്ന സാഹചര്യത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ, മാനസിക വെല്ലുവിളികൾ എന്നീ വിഭാഗത്തിൽ മുഴുവൻ ഭിന്നശേഷിക്കാർക്കും വർഷത്തിൽ അർഹമായ ധനസഹായതുക കണക്കാക്കി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-16 ബഡ്സ് സ്കൂൾ പ്രവർത്തനം- ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രം തുടങ്ങണം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹാത്തോടെ 29.07.2009 ലെ ജി.ഒ (എം എസ്) 148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാനും അദ്ധ്യാപകരുടെ ഹോണറേറിയ ചെലവിലേക്ക് വികസന ഫണ്ട് വകയിരുത്താനും അനുവാദമുള്ളതാണ്. 06.04.2013 ലെ ജി.ഒ (എം എസ്) 144/2013/തസ്വഭവ ഉത്തരവിലെ നിബന്ധലകൾ പാലിച്ചുകൊണ്ട് സ്കൂൾ പ്രവേശനം

അവസാനിച്ചവർക്കായി തൊഴിലധിഷ്ഠിത പരിശീലനങ്ങൾക്കായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാനും നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തിൽ 2011 മുതൽ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിനായി കുടുംബശ്രീയുടേയും പഞ്ചായത്തിന്റേയും സംയുക്ത സംരംഭമായി പാലക്കൽ എൽ പി സ്കൂളിന്റെ പഴയ കെട്ടിടത്തിൽ ബഡ്സ് സ്കൂൾ താത്കാലികമായി പ്രവർത്തിച്ച് വരുന്നുണ്ട്.

പഞ്ചായത്ത് പരിധിയിൽ നടത്തിയ സർവ്വേയിൽ പ്രദേശത്ത് മാനസിക വെല്ലുവിളികൾ നേരിടുന്നവരായി കണ്ടെത്തിയ 86 പേരിൽ 58 പേർ യാതൊരു വിധ പരിശീനത്തിനും പോകാത്തവരാണെന്ന് വ്യക്തമാവുകയുണ്ടായി. നിലവിലെ സ്കൂൾ പഠനത്തിനുതിൽ 28 പേർ 18 വയസ്സിന് താഴെയുള്ളവരും നിർബന്ധിത വിദ്യാഭ്യാസം ലഭിക്കാൻ അർഹതയുള്ളവരുമാണെന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ പരിഹാരമാർഗ്ഗമായാണ് ഗ്രാമപഞ്ചായത്ത് തലത്തിൽ ബഡ്സ് സ്കൂൾ തുടങ്ങിയത്. സ്കൂൾ പ്രവേശനം അവസാനിപ്പിച്ചവരായ 16 നും 18 നും ഇടയിൽ പ്രായമുള്ളർക്ക് വെക്കേഷണൽ ട്രെയിനിംഗ് വിഭാഗത്തിൽ പരിശീലനം നൽകാനും ഇതിന്റെ ഭാഗമായി ലക്ഷ്യമിട്ടതാണ്.

ബഡ്സ് സ്കൂളിന് 2012-13 മുതൽ ഉച്ചഭക്ഷണത്തിനുള്ള ഗ്രാന്റും 2013-14 മുതൽ വിദ്യാഭ്യാസ ഗ്രാന്റും ലഭിച്ചുവരുന്നതായി ലഭ്യമായ രേഖകളിൽ നിന്നും അറിയുന്നു. സ്ഥാപനത്തിൽ 34 പെൺകുട്ടികളും 41 ആൺകുട്ടികളും ഉൾപ്പെടെ ഭിന്നശേഷി വിഭാഗത്തിലെ 75 പേരാണ് നിലവിലുള്ളത്. വൊക്കേഷണൽ അധ്യാപകർ, ഫിസിയോ തെറാപ്പിസ്റ്റ്, ആയ, ഡ്രൈവർ, കുക്ക് തസ്തികളിലായി 9 ജീവനക്കാരാണ് സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള വിദ്യാഭ്യാസ ഗ്രാന്റിനു പുറമെ വികസന ഫണ്ടിൽ നിന്നും പ്രോജക്ട് ഉൾപ്പെടുത്തിയുമാണ് സ്ഥാപനത്തിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നത്.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ കെട്ടിടമുണ്ടാക്കി നിലവിലെ വാടക കെട്ടിടത്തിൽ നിന്നും ബഡ്സ് സ്കൂൾ മാറ്റി സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നുണ്ട്. എം എൽ എ യുടെ ആസ്ഥി വികസന ഫണ്ടിൽ നിന്നുമുള്ള തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചതായി അറിയുന്നു. വൊക്കേഷണൽ പരിശീലനത്തിന്റെ ഭാഗമായി മൈക്രോ എന്റർപ്രൈസ്, സർവ്വീസ് സേവനം, ഗേറ്റ് കീപ്പിംഗ്, ഓഫീസ് അസിസ്റ്റന്റ് തുടങ്ങിയ മേഖലകളിൽ പരിശീലനം വിഭാവനം ചെയ്യുന്നത് എത്രത്തോളം ഫലപ്രദമായി നടക്കുന്നുണ്ടെന്ന് വിശദീകരിക്കേണ്ടതുണ്ട്. അതോടൊപ്പം 18 കഴിഞ്ഞവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രം തുടങ്ങുകയോ അല്ലായെങ്കിൽ മറ്റ് അംഗീകൃത സ്ഥാപനങ്ങളുടെ ഭാഗമാക്കി പരിശീലനം നൽകാനുള്ള നടപടികൾ സ്വികരിക്കുകയോ ചെയ്യേണ്ടതുണ്ട്.

## 3-17 കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ സി ഡിറ്റിന്റെ അംഗീകാരത്തോടെ 2000 ജനുവരി മുതൽ പ്രവർത്തിച്ചു വരുന്ന കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിൽ ഡി. സി. എ, പി. ജി. ഡി. സി. എ, ഡി. സി. എഫ്. എം തുടങ്ങിയ ഡിപ്ലോമ കോഴ്സുകളിൽ പിശീലനം നൽകി സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നുണ്ട്. സ്ഥാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ അംഗീകൃത പൊതുജന സേവനങ്ങൾ നൽകുന്ന അക്ഷയ കേന്ദ്രവും പ്രവർത്തിച്ച് വരുന്നുണ്ട്. റെഗുലർ കോഴ്സിന് പുറമെ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ഹ്രസ്വകാല മലയാളം കംമ്പ്യൂട്ടിംങ് പരിശീലന കോഴ്സുകളും അക്ഷയ സ്ഥാപനമെന്ന നിലയിൽ ഏറ്റെടുത്ത് നടത്തുന്നുണ്ട്.

പഞ്ചായത്ത് നിർമ്മിച്ച സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രത്തിൽ നിലവിൽ 19 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ആസ്ഥിയായുണ്ട്. ഡയരക്ടർ ഉൾപ്പെടെയുള്ള മൂന്ന് സ്റ്റാഫിന്റെ ശമ്പളാനുകൂല്യങ്ങൾക്കും സ്ഥാപന നടത്തിപ്പിനും ആവശ്യമായ ചെലവ് കണ്ടെത്തുന്നത് കമ്പ്യൂട്ടർ പരിശീലന പ്രവർത്തനത്തിൽ നിന്നും അക്ഷയ കേന്ദ്രം നടത്തിപ്പിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നുമാണെന്ന് പൊതുവായി വിലയിരുത്താവുന്നതാണ്. എന്നാൽ സൂക്ഷ്മതലത്തിൽ സെന്ററിന്റെ പ്രവർത്തനം പരിശോധിച്ച് സാമ്പത്തിക സ്ഥിതി വിലയിരുത്താനും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കാനും ആവശ്യമായ രേഖകൾ ഉൾപ്പെടുന്ന ഒരു ഫയൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

സ്ഥാപന നടത്തിപ്പിനായി ഗ്രാമീണബാങ്ക് ശാഖയിൽ പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ പേരിലുള്ള സംയുക്ത എക്കൗണ്ടിലെ 2017-18 വർഷത്തെ സാമ്പത്തിക ഇടപാടുകൾ പരിശോധിച്ചതിൽ കോഴ്സ് ഫീ, സേവനങ്ങൾ നൽകൽ ഇനത്തിൽ ലഭ്യമായ വരവ് 610061രൂപയും ഡയരക്ടർ ഉൾപ്പടെയുള്ള സ്റ്റാഫിന്റെ ശമ്പള ചെലവ് 408243 രൂപയുമാണെന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിന് ലഭ്യമായ വികസന ഫണ്ടിൽ നിന്നും സ്പിൽ

ഓവറായും തൻവർഷത്തെ പ്രോജക്ടുകൾ പ്രകാരവും ഉൾപ്പെടുത്തിയ കമ്പ്യൂട്ടർ പരിശീലന കോഴ്സുകളും സ്ഥാപനത്തിലൂടെയാണ് നിർവ്വഹിച്ചിട്ടുള്ളത്. സ്പിൽഓവറായി നടപ്പിലാക്കിയ 72/18: വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം ( ചെലവ് 100000രൂപ), 73/18: യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം (ചെലവ് 62,500രൂപ ), 74/18: എസ് സി യുവതി യുവാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം ( ചെലവ് 27500രൂപ),തൻവർഷത്തെ 122/18: വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം ( ചെലവ് 175000രൂപ) എന്നീ പ്രജക്ടുകളിടെ നിർവ്വഹണത്തിലൂടെ 365000 രൂപ കമ്പ്യൂട്ടർ കേന്ദ്രത്തിന് ലഭ്യമായിട്ടുണ്ട്. പ്രജക്ട് 119/18 പ്രകാരം 79,535 രൂപ ചെലവിൽ കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന് യു പി എസും വാങ്ങി നൽകിയിട്ടുണ്ട്. 13ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന വികസന പ്രോജക്ടിന്റെ ഭാഗമായി പരിശീലനങ്ങൾ അനുവദനീയമാണെങ്കിലും തൊഴിലുമായി പ്രത്യക്ഷത്തിൽ ബന്ധിപ്പിക്കാനാവാത്ത പരിശീലനങ്ങൾ ഒഴിവാക്കാൻ നിർദ്ദേശമുള്ളതാണ്. കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഒഴിവാക്കാൻ നിർദ്ദേശമുള്ളതാണെങ്കിലും 23.08.2017 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ തീരുമാന പ്രകാരം 2017-18 വർഷത്തേക്ക് മാത്രമായി അനുമതി ലഭ്യമായിട്ടുണ്ട്. ഇനിയുള്ള വർഷങ്ങളിൽ ഗുണഭോക്താക്കളിൽ നിന്നുള്ള ഫീസ് ഉപയോഗിച്ചാവണം പരിശീലനങ്ങൾ നടപ്പിലാക്കേണ്ടത്.

കമ്പ്യൂട്ടർ കേന്ദ്രം വഴിയുള്ള വിവിധ പരിശീലന കോഴ്സുകളുടെ നടത്തിപ്പ്, സ്റ്റാഫിന്റെ നിയമനം, നിയന്ത്രണം, സാമ്പത്തിക ഇടപാടുകൾ കൈകാര്യം ചെയ്യൽ, അക്ഷയ വഴിയുള്ള സേവനങ്ങൾ വിപുലപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശമാകുകയും കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിത്തിന്റെ പൊതുവായ നടത്തിപ്പിന് മേൽനോട്ടം വഹിക്കാനും സഹായകരമായ രീതിയിൽ ഒരു നിയമാവലി തയ്യാറാക്കിയിട്ടില്ല. കമ്പ്യൂട്ടർ പരിശീലന കേന്ദ്രത്തിന്റെ നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ള നിയമാവലി തയ്യാറാക്കി പഞ്ചായത്ത് ഭരണ സമിതി പരിശോധിച്ച് വകുപ്പ് തലത്തിൽ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇതോടൊപ്പം ഓരോ സാമ്പത്തിക വർഷവും സ്ഥാപനത്തിന്റെ പ്രതീക്ഷിത വരവ് ചെലവ് സംബന്ധമായൊരു ബജറ്റ് തയ്യാറാക്കി, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനയോടെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച് തുടർപ്രവർത്തനം നിരീക്ഷണ വിധേയമാക്കാനുമുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. ഓരോ വർഷത്തേയും പ്രവർത്തന പുരോഗതി വിലയിരുത്തി സ്ഥാപനത്തിൽ നിലവിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ എന്നിവ പൂർണ്ണമായും പ്രയോജനപ്പെടുത്താനാകുന്നുണ്ടോയെന്ന രീതിയിലുള്ള പരിശോധനയുണ്ടാവണം. പ്രവർത്തന ബൈലോ, വാർഷിക ബജറ്റ് തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങളിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ജില്ല ഐ ടി സെൽ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന ഹ്രസ്വകാല മലയാളം കംമ്പ്യൂട്ടിംങ് പരിശീലന കോഴ്സുകൾ ഏറ്റെടുത്ത് നടപ്പിലായതിലൂടെ സ്ഥാപനത്തിന് അനുവദിച്ച് കിട്ടാനുള്ള തുക ലഭ്യമാക്കാൻ സ്വീകരിച്ച സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 111/18 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 21250 | 63/18 – നെൽകൃഷി കൂലിച്ചെലവ്. | 21250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 17500 | 64/18 – പച്ചക്കറി കൃഷി കൂലിച്ചെലവ്. | 17500 | 0 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 475000 | 111/18- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്. | 475000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 57/18 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 5/17-18 /02.08.17 | 820000 | 683648 | 136352 |
| കേരള വാട്ടർ അതോറിറ്റി | 179/18 കുടി വെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 21/17-18 /04.11.17 | 1713160 | 1614373 | 98787 |
| കെ എസ് ഇ ബി | 79/18 പുതിയ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 8/17-18 /22.08.17 (732174) 9/17-18 /22.08.17 (175380) | 907554 | 907554 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 1000000 |
| ആകെ | 1000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്(FD ST/010813 dated 28.09.2017) | 1000000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച 150 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2003-04 | 3-3 | 150 | സെക്രട്ടറി കോഡൂർ ഗ്രാമപഞ്ചായത്ത് | 117020109106/06-02-2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 3-9 | 2006-07 | 3.71.4 | വാട്ടർ അതോറി റ്റിയിൽ നിക്ഷപിച്ച തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രം സംബന്ധിച്ച് |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ്/സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1997-98 | 3-2, 3-3, | ശ്രീ.ഒ.ഉണ്ണികൃഷ്ണൻ | LF 21822/Spl.Cell /SC5/03 Dt. 24.07.2014 | 2247/- | -- |
| 2 | 1996-97 | 40 | ശ്രീ.എം.പി. നന്ദകുമാർ | LF 15737/Spl.Cell /SC5/04 Dt. 30.08.2005 | 1048 | 39566/24 തിയതി.05.06.2012 പ്രകാരം അടവാക്കി. |
| 3 | 1997-98 | 36,39 | ശ്രീ.ഒ.ഉണ്ണികൃഷ്ണൻ | LF21822/Spl.Cell /SC5/03 Dt. 24.07.2014 | 2145 | തുക അടവാക്കി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പെടെ) | 87369101 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78822103 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47189 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4877690 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 3-6 | | 5100 | ശ്രീ.പ്രകാശൻ പുത്തൻമഠത്തിൽ, കൃഷി ഓഫീസർ |
| 3-9 | | 6072 | ശ്രീ.അബ്ദുൾ ജലീൽ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 26440 | ശ്രീമതി. പ്രീതി.സി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ- 13135/- ശ്രീ.അബ്ദുൾ ജലീൽ.പി, അസിസ്റ്റന്റ് എഞ്ചിനീയർ 13305/- |
| 3-11 | | 3766 | ശ്രീമതി. പ്രീതി.സി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| 3-12 | | 5811 | ശ്രീമതി. പ്രീതി.സി.ഡി, അസിസിറ്റന്റ് എഞ്ചിനീയർ |
| ആകെ | | 47189 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 28,77,690 | ശ്രീ.കെ. പ്രേമാനന്ദൻ, സെക്രട്ടറി |
| 3-4 | 20,00,000 | ശ്രീമതി. തിത്തു.എ, ഹെഡ് മിസ്ട്രസ്സ് |
| ആകെ | 48,77,690 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പ്രകാശൻ പുത്തൻമഠത്തിൽ, കൃഷി ഓഫീസർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ, വേങ്ങര ബ്ലോക്ക് | പുത്തൻമഠത്തിൽ ഹൗസ്, വേങ്ങര (പി.ഒ ) മലപ്പുറം,676510 |
| ശ്രീ.അബ്ദുൾ ജലീൽ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കീഴാറ്റൂർ ഗ്രാമ പഞ്ചായത്ത് | തയ്യിൽ ഹൗസ്, പാലക്കളം, കരുവമ്പ്രം, മഞ്ചേരി മലപ്പുറം ജില്ല, 676123 |
| ശ്രീമതി. പ്രീതി.സി.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,പറവൂർ മുനിസിപ്പാലിറ്റി | അവിട്ടപ്പുറത്ത് ഹൗസ്, കോട്ടപ്പുറം.പി.ഒ, കൊടുങ്ങല്ലൂർ, തൃശ്ശൂർ 680667 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89<br>1989-90<br>1990-91 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 7 |
| 1991-92<br>1992-93 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 6 |

| | | |
|---|---|---|
| 1993-94<br>1994-95 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |
| 1995-96 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 5 |
| 1996-97 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 4 |
| 1997-98 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 8 |
| 1998-99 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 10 |
| 1999-00 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 8 |
| 2000-01 | കെ.എസ്.എ.എം.പി.എം 27/1695/18 തി. 18.01.2018 | 11 |
| 2001-02 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 5 |
| 2003-04 | കെ.എസ്.എ.എം.പി.എം 27/1103/18 തി.13.06.2018 | 9 |
| 2004-05 | കെ.എസ്.എ.എം.പി.എം 27/1412/18 തി.11.09.2018 | 3 |
| 2005-06 | എൽ എഫ് എം12/391/10 തി.19.10.10 | 13 |
| 2006-07 | എൽ എഫ് എം12/542/11തി. 6.6.2011 | 14 |
| 2007-08 | എൽ എഫ് എം12/731/11 തി.8.6.2011 | 24 |

| | | |
|---|---|---|
| 2008-09 | എൽഎഫ്എം12/67/11 തി.11.11.2011 | 18 |
| 2009-10 | എൽഎഫ്എം/12/68/11തി. 16.11.2011 | 16 |
| 2010-11 | എൽഎഫ് എം14/937/12 തി.12.11.2012 | 14 |
| 2011-12 | എൽഎഫ്എം14/2850/12 തി.14.03.2013 | 21 |
| 2012-13 | എൽ എഫ് എം14/1101/14 തി.10.12.14 | 13 |
| 2013-14<br>2014-15 | കെ എസ് എ എം പി എം27/2096/16 തി.01.01.2018 | 8 |
| 2015-16 | കെ എസ് എ എം പി എം 27/3/17<br>തി.15.02.2018 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം 27/1566/17 തി.08.05.2018 | 8 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ.എം.പി.എം.27/991/18

കേരളസംസ്ഥാനഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, മലപ്പുറം

തീയതി: 04.07.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ